H&C

# ചാവറയച്ചന്റെ കഥകൾ

ഫാ. വിൽസൺ കോക്കാട്ട് സി.എം.ഐ.

CMI DRD
CMI DEPT. OF RESEARCH & DOCUMENTATION, KOCHI



# ചാവറയച്ചന്റെ കഥകൾ

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ
വിവിധകൃതികളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും സമാഹരിച്ച
'ചാവറദർശനങ്ങൾ'

CMI DEPT. OF RESEARCH & DOCUMENTATION, KOCHI
DRD

**ഫാ. വിൽസൺ കോക്കാട്ട് CMI**

ഇരിങ്ങാലക്കുട രൂപതയിലെ പുല്ലൂർ സെന്റ് സേവിയേഴ്സ് ഇടവകയിലെ ചിറ്റിലപ്പിള്ളി കോക്കാട്ട് പൗലോസ്-റോസി ദമ്പതിമാരുടെ നാലാമത്തെ പുത്രനാണ്, ഫാ. വിൽസൺ കോക്കാട്ട്. സി.എം.ഐ. സഭയുടെ തൃശൂർ ദേവമാത പ്രവിശ്യാംഗമായ അദ്ദേഹമിപ്പോൾ എൽത്തുരുത്ത് സെന്റ് മേരീസ് ആശ്രമാംഗവും സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ ചരിത്ര അധ്യാപകനുമാണ്. തിരുനെൽവേലി എം.എസ്. യൂണിവേഴ്സിറ്റിയിൽനിന്ന് ചരിത്രത്തിൽ ഡോക്ടറേറ്റ് നേടി. എയർ ഇന്ത്യയും മലയാള മനോരമയും സംയുക്തമായി സംഘടിപ്പിച്ച അധ്യാപക പ്രതിഭ (BOLT) പുരസ്കാരം ലഭിച്ചിട്ടുണ്ട്. 'ചാവറയച്ചന്റെ ദളിത് ദർശനം', 'സി.എം.ഐ. സഭയുടെ വിദ്യാഭ്യാസ സംഭാവനകൾ' എന്നിവയാണ് പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ.

# ചാവറയച്ചന്റെ കഥകൾ

ഫാ. വിൽസൺ കോക്കാട്ട് CMI

എച്ച് & സി ബുക്സ്

Malayalam Language
CHAVARAYACHANTE KATHAKAL
Life Sketches
Fr. Wilson Kokkat CMI

Rights Reserved

First Edition : November 2014
Illustrations & Cover : Fr. Sunil Jose CMI
Typesetting : Art N Colour
Printed in India at Print Option, Mannuthy

Publishers
H&C PUBLISHING HOUSE
Thrissur - 680 001
Website : www.handcbooks.com
E-mail : mail@handcbooks.com

Distributors
H&C STORES
Thiruvananthapuram, Kollam, Pathanamthitta, Kottayam, Pala, Thodupuzha, Thrippunithura, Ernakulam, Thrissur, Kunnamkulam, Palakkad, Perinthalmanna, Kozhikode, Kannur.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher

ISBN 978-93-84736-50-7
Rs. 40.00
14143-2000-01-1114



# ആശംസ

യുഗപുരുഷനായ ചാവറയച്ചൻ തന്റെ കൃതികളിൽ പ്രതിപാദിച്ചിട്ടുള്ള സരളമായ സന്മാർഗകഥകൾ ഉൾക്കൊള്ളുന്ന ഈ ചെറുപുസ്തകം കുടുംബങ്ങളെ നവീകരിക്കുന്നതും വ്യക്തികളെ ആഴത്തിൽ ചിന്തിപ്പിക്കുന്നതുമാണ്. ചാവറപിതാവ് വിശുദ്ധപദവിയിലേക്കുയർത്തപ്പെടുന്ന അവസരത്തിൽ ഈ ഗുണപാഠകഥകൾ ശേഖരിക്കുകയും പ്രസിദ്ധീകരണത്തിനു യോഗ്യമാക്കുകയും ചെയ്ത ഫാ. വിൽസൺ കോക്കാട്ട് സി.എം.ഐ. പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. അടിയുറച്ച തിരുസഭാസ്നേഹം, ഉജ്ജ്വലമായ പ്രേക്ഷിതചൈതന്യം, ധാർമികതയിൽ വേരൂന്നിയ കുടുംബദർശനമുള്ള ചാവറയച്ചൻ, കുടുംബബന്ധങ്ങളിലെ ഇഴയടുപ്പം വർധിപ്പാനും ആത്മീയചൈതന്യത്തിൽ വളരുവാനും ഉദ്ബോധിപ്പിച്ചെഴുതിയ ഈ കഥകൾ എല്ലാം നമുക്കു മനനം ചെയ്യാം. ചാവറകഥകൾക്കു നമുക്കു കാതോർക്കാം. ഈ ഉദ്യമത്തിനു എല്ലാ വിജയങ്ങളും നന്മകളും നേരുന്നു.

അനുഗ്രഹാശിസ്സുകളോടെ,

**മാർ. ജേക്കബ് തൂങ്കുഴി**
(തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത)

## കഥ പറഞ്ഞ് കഥയായ ഒരാൾ

പണ്ട്... പണ്ട്... ഒരിടത്തൊരിടത്ത് ആരെങ്കിലും ഇങ്ങനെ കഥ പറഞ്ഞു തുടങ്ങുമ്പോഴേക്കും എത്ര മുതിർന്ന ആളുകളുടെ ഉള്ളിലും ഒരു കുട്ടി അറിയാതെ ഉണർന്ന് ചെവി കൂർപ്പിക്കും. കഥ കേൾക്കാൻ എല്ലാവർക്കും ഇഷ്ടമാണ്. അറിവും അനുഭവങ്ങളും സംസ്കാരവും വിനോദവുമെല്ലാം പകർന്നുനല്കിയിരുന്ന ഒന്നായിരുന്നു കഥകൾ പറയൽ. പുരാതന സംസ്കാരങ്ങളിലെല്ലാം എഴുത്തിനും മുമ്പേ നിലനിന്നിരുന്ന ഒന്നാണ് കഥ പറച്ചിൽ. പറയുന്ന ആളുടെ ആംഗ്യങ്ങളും സ്വരഭേദങ്ങളുമെല്ലാം കഥയെ കേൾക്കുന്നവന്റെ ഹൃദയത്തിലെത്തിച്ചു. അതവന് ജീവിതപാഠങ്ങളായി. കരുത്തും കരുതലും വഴികാട്ടിയുമായി. ഓസ്ട്രേലിയൻ ആദിമനിവാസികൾ തങ്ങളുടെ ഗുഹകളിൽ ആദ്യകാലകഥകളെ ചിത്രങ്ങളാക്കി കോറിയിട്ടിട്ടുണ്ട്.

കഥാസരിത്സാഗരവും ഈസോപ്പുകഥകളും വിക്രമാദിത്യകഥകളും ബൈബിൾകഥകളും ജാതകകഥകളും സെൻകഥകളുമെല്ലാം കഥപറച്ചിലിനെയും കഥകളെയും കുറേക്കൂടെ മുന്നോട്ടുക്കൊണ്ടുപോയി. കഥയിലൂടെ ചരിത്രവും ചരിത്രത്തിലൂടെ കഥകളും കൈമാറ്റം ചെയ്യപ്പെട്ടു. കഥകൾ ഇഷ്ടമായതുകൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്നു പറയാറുണ്ട്.

സുവിശേഷങ്ങളിലെ യേശു ഏറ്റവും നല്ല കഥാകാരനായിരുന്നു. തനിക്ക് ചുറ്റുമിരിക്കുന്ന ജനങ്ങളോട് അവൻ കഥകൾ പറഞ്ഞു. കൃഷിക്കാരനും മീൻപിടിത്തക്കാരനും ആടും ഇടയനും ധനവാനും ദരിദ്രനും ഭൂമിയും സ്വർഗവും വള്ളവും വലയും വിത്തും കളയുമെല്ലാം ആ കഥകളിൽ കഥാപാത്രങ്ങളായി. കഥകളില്ലാതെ അവനൊന്നും പറഞ്ഞിട്ടില്ലായെന്നാണ് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നത്. അവന്റെ കഥകൾ മിന്നൽപ്പിണരുകളായി. അതിന്റെ വെട്ടത്തിൽ അനേകർക്ക് ആന്തരികദർശനങ്ങൾ കൈവന്നു.

വിശുദ്ധനായ ചാവറയച്ചന്റെ കാലത്ത് പുസ്തകങ്ങളിലൂടെയും അച്ചടിയിലൂടെയും കഥകളുടെ കൈമാറ്റം സർവസാധാരണമല്ലായിരുന്നു. എന്നിട്ടും താനറിഞ്ഞതും വായിച്ചതുമായ കഥകൾ അദ്ദേഹം അനേകർക്കായി പകർന്നുനല്കി. പിന്നീട് കഥപറഞ്ഞ് കഥപറഞ്ഞ് ചാവറയച്ചൻ മനസ്സിൽ കുളിർമഴ നല്കുന്ന കഥയോർമയായി. ചാവറയച്ചന്റെ കഥകളും ചാവറയച്ചൻ പറഞ്ഞ കഥകളും ചാവറയച്ചനെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞ കഥകളും കുട്ടിവയ്ക്കുകയാണിവിടെ. വർത്തമാന കാലത്തെ നേർവഴി കാട്ടുന്ന ഈ ചെറിയ കഥകൾ നമ്മുടെ നാളെകൾക്ക് ദിശാബോധം നല്കാൻ ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. സുനിൽ ജോസ് സി.എം.ഐ.**
**(സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്)**

# നന്ദിയുടെ നറുമലരുകൾ

'ചാവറയച്ചന്റെ കഥകൾ' എന്ന പുസ്തകത്തിന്റെ ബഹുമതി പൂർണ്ണമായും വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനുള്ളതാണ്. അദ്ദേഹം തന്റെ നാട്ടുകാർക്കും മതത്തിൽപ്പെട്ടവർക്കും താൻ തുടങ്ങിവച്ച സഭാംഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ഉപദേശം, കത്ത്, കവിത, ഡയറി തുടങ്ങിയവയിലൂടെ പ്രതിപാദിച്ചിട്ടുള്ള കഥകളാണ് ഈ വിശുദ്ധ പ്രഖ്യാപനവേളയിൽ പുസ്തകരൂപത്തിൽ സമാഹരിച്ചിട്ടുള്ളത്.

ചാവറയച്ചന്റെ കഥകളെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം ചാവറയച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള കഥകൾ. രണ്ടാം ഭാഗം മരണവീട്ടിൽ പാടുവാനുള്ള പാന എന്ന കവിതയിൽ ശുദ്ധീകരണ ആത്മാക്കൾക്കുവേണ്ടി പ്രാർഥിക്കുന്നതിന് വേണ്ടി പറഞ്ഞ കഥകൾ. മൂന്നാംഭാഗം ചാവറയച്ചൻ കത്തുകളിലും ഉപദേശങ്ങളിലും പറഞ്ഞ കഥകൾ. കാലത്തിനും ദേശത്തിനും സമുദായത്തിനും അതീതമായി വളർന്നു പന്തലിച്ച അദ്ദേഹത്തിന്റെ ദർശനങ്ങൾ സമൂഹത്തിന് എളുപ്പം ഗ്രഹിക്കുവാൻ സാധിക്കുന്ന കഥാരൂപത്തിൽ അവതരിപ്പിക്കാനുള്ള എന്റെ ഈ എളിയശ്രമത്തിൽ സഹായിച്ചവർക്ക് നന്ദിയുടെ നറുമലരുകൾ അർപ്പിക്കട്ടെ. ഫാ. ഡോ. Z.M. മൂഴൂർ അച്ചന്റെ ചാവറകൃതികളുടെ വ്യാഖ്യാനങ്ങളും വിവർത്തനങ്ങളും രചനകളും, C.M.I. പ്രസാധകകമ്മിറ്റി തയ്യാറാക്കിയ 'ചാവറയച്ചന്റെ സമ്പൂർണകൃതികൾ', ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ച 'ചാവറയച്ചന്റെ കത്തുകൾ' എന്നീ പുസ്തകങ്ങളുമാണ് പ്രധാനമായും ഈ കഥാസമാഹാരത്തിന് ഉപയോഗിച്ചിരിക്കുന്നത്. ഈ ഗ്രന്ഥങ്ങളുടെ കർത്താക്കളെ നന്ദിയോടെ സ്മരിക്കുന്നു.

ഈ ഉദ്യമത്തിന് പ്രചോദനവും പ്രോത്സാഹനവും നല്കിയ എൽത്തുരുത്ത് ആശ്രമപ്രിയോരച്ചനായ ഫാ. ജോസ് പയ്യപ്പിള്ളി, പുസ്തകപ്രകാശനത്തിന് അംഗീകാരം നല്കിയ തൃശൂർ ദേവമാത പ്രൊവിൻഷ്യാൾ ബഹു. ഫാ. വാൾട്ടർ തേലപ്പിള്ളി. അനുഗ്രഹാശിസ്സുകൾ നല്കി അനുഗ്രഹിച്ച മാർ ജേക്കബ് തൂങ്കുഴി, മുഖചിത്രവും പുസ്തകപരിചയവും രേഖാ

ചിത്രങ്ങളും മനോഹരമായി അണിയിച്ചൊരുക്കിയ ഫാ. സുനിൽ ജോസ്, സെൻ്റ് അലോഷ്യസ് സ്കൂൾ അധ്യാപകരായ ഗീത ഫ്രാൻസീസ്, ഷാലി ടീച്ചർ, കൈയെഴുത്തുപ്രതികൾ പകർത്തി സഹായിക്കുന്ന എൽത്തുരുത്ത് സെൻ്റ് അലോഷ്യസ് ഹൈസ്കൂളിലെ വിദ്യാർഥികളായ സ്വിബിയ ടി.ബി., അഞ്ജലി ബാബു, അനശ്വര വിശ്വൻ, ശ്രീലക്ഷ്മി കെ.എസ്. എന്നിവർക്കും പുസ്തകപ്രസിദ്ധീകരണം ഏറ്റെടുത്ത എച്ച്& സി പബ്ലിഷിങ് ഹൗസിനും വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ്റെ പാദസ്പർശനമേറ്റ എൽത്തുരുത്ത് പ്രദേശത്ത് വസിക്കുന്ന ആശ്രമാംഗങ്ങൾക്കും നാട്ടുകാർക്കും മാന്യവായനക്കാർക്കും നന്ദിയുടെ നറുമലരുകൾ നേരുന്നു,

**ഫാ. വിൽസൺ കോക്കാട്ട് സി.എം.ഐ.**

# വി. ചാവറ കുര്യാക്കോസ് ഏലിയാസ്
# (1805–1871)

## ജീവിതരേഖ

കേരളത്തിലെ പ്രകൃതിരമണീയമായ കുട്ടനാട്ടിലെ കൈനകരിയെന്ന കൊച്ചുഗ്രാമത്തിലാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ജനിച്ചത്. 1805 ഫെബ്രുവരി 10-ാം തീയതി കുരിയാക്കോ - മറിയം ദമ്പതിമാരിൽ നിന്നും ജന്മംകൊണ്ട ആ പിഞ്ചുകുഞ്ഞിനെ മാതാപിതാക്കൾ വിശുദ്ധിയിലും വിജ്ഞാനത്തിലുമാണ് വളർത്തിയത്. 1805 ഫെബ്രുവരി 18-ാം തീയതി കുര്യോക്കോസിന് ചേന്നങ്കരി ദേവാലയത്തിൽവച്ച് ജ്ഞാനസ്നാനം നല്കി. 1810 കൈനകരി ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. ഒരു നല്ല വൈദികനാകണമെന്ന ആഗ്രഹത്തോടെ 1815-ൽ സെമിനാരിയിൽ വൈദികാർഥി ആകുകയും തുടർന്ന് 1829 നവംബർ 29-ാം തീയതി ആർത്തുങ്കൽപള്ളിയിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് 1831 മെയ് 11-ന് അനേകായിരങ്ങൾക്ക് സ്നേഹശുശ്രൂഷ ചെയ്യുന്ന സി.എം.ഐ. സന്ന്യാസസമൂഹം സ്ഥാപിച്ചു. ഓരോ പള്ളിയിലും പള്ളിക്കൂടം വേണമെന്ന നിർബന്ധബുദ്ധിയുടെ പരിണതഫലമായി അക്ഷരസംസ്കാരത്തിന് ആരംഭം കുറിച്ചുകൊണ്ട് 1846-ൽ മാന്നാനത്ത് ചാവറയച്ചൻ ഒരു സംസ്കൃത വിദ്യാലയവും മരപ്രസ്സും സ്ഥാപിച്ചു. രോഗികൾക്കും അഗതികൾക്കും വേണ്ടി 1869-ൽ കേരളത്തിലാദ്യമായി അഗതിഭവനം കൈനകരിയിൽ സ്ഥാപിച്ചു. 1871 ജനുവരി 3-ന് കൂനമ്മാവ് ആശ്രമത്തിൽവച്ച് അന്തരിച്ചു. കൂനമ്മാവിൽ വി. ഫിലോമിനയുടെ ദേവാലയത്തിൽ സംസ്കരിക്കുകയും ചെയ്തു. ചാവറയച്ചന്റെ മരണത്തിന്റെ 18 വർഷങ്ങൾക്കുശേഷം 1889 മെയ് 24-ന് സി.എം.ഐ. സഭയുടെ ആദ്യത്തെ ആശ്രമമായ മാന്നാനം സെന്റ് ജോസഫ്സ് ആശ്രമത്തോട് അനുബന്ധിച്ചുള്ള ദേവാലയത്തിലേക്ക് ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ മാറ്റിസംസ്കരിക്കപ്പെട്ടു. ചാവറയച്ചൻ കൂടുതൽ നാൾ സേവനമനുഷ്ഠിച്ച മാന്നാനം ആശ്രമം തന്നെയായിരുന്നു അച്ചന്റെ പ്രധാന കർമമേഖല.

# വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ രചനകൾ


1. നാളാഗമങ്ങൾ
(സി.എം.ഐ., സി.എം.സി. സന്ന്യാസിസഭകളുടെ നാൾവഴി ചരിത്രം, സഭ ചരിത്രത്തോടൊപ്പം. ആ കാലഘട്ടത്തിലെ സംഭവധാരകളെക്കുറിച്ചും സൂചകങ്ങളിലൂടെ സമകാലിക സമൂഹത്തിന്റെ പരിച്ഛേദത്തെക്കൂടി ഈ ചരിത്രലേഖനം അടയാളപ്പെടുത്തുന്നു.)
2. പാലയ്ക്കൽ തോമ കത്തനാരുടെ ജീവചരിത്രം (മലയാളി മലയാളിയെക്കുറിച്ച് മലയാളത്തിൽ എഴുതിയ ആദ്യജീവചരിത്രം)
3. ആത്മാനുതാപം
(ആത്മകഥാംശങ്ങളുടെ കാവ്യം)
4. അനസ്താസിയായുടെ രക്തസാക്ഷ്യം
(മലയാളി എഴുതിയ മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം)
5. ധ്യാനസല്ലാപങ്ങൾ
(ധ്യാനസംഭാഷണങ്ങളും ധ്യാനവിചാരങ്ങളും ധ്യാനപ്രാർഥനകളും)
6. മരണവീട്ടിൽ പാടുന്നതിനുള്ള പാന
(പർവം എന്നായിരുന്നു ആദ്യപേര്. പിന്നീട് പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു.)
7. തുക്കാസ (തിരുക്കർമാചാരാനുഷ്ഠാനങ്ങൾ)
8. ലിറ്റർജിക്കൽ കലണ്ടർ (ആരാധനക്രമത്തിലെ കാലസൂചികകൾ)
9. മരിച്ചവർക്കുള്ള ഒപ്പീസ് (ആരാധനക്രമവിചാരം)
10. കത്തുകൾ (പലപ്പോഴായി പലർക്കായി പല ഭാഷകളിലായി)
8. ഇടയനാടകങ്ങൾ (Ecologues)

## ഉള്ളടക്കം


| | | |
|---|---|---|
| ഒന്നാം ഭാഗം | | 15 |
| 1. | പ്രിയോർമാവ് | 17 |
| 2. | പ്രിയോർവള്ളം | 18 |
| 3. | ദൈവതിരുമനസ്സ് | 19 |
| 4. | മാനസാന്തരം | 20 |
| 5. | പള്ളിക്കൂടം | 21 |
| 6. | അച്ചുകൂടം | 22 |
| 7. | ധർമശാല | 24 |
| 8. | മതസൗഹാർദം | 25 |
| 9. | ഭാഷാസ്നേഹവും രാഷ്ട്രസ്നേഹവും | 25 |
| 10. | രോഗസൗഖ്യം | 26 |
| രണ്ടാം ഭാഗം | | 29 |
| 1. | നന്മരണം | 31 |
| 2. | മോഷണം | 31 |
| 3. | അന്ത്യശുശ്രൂഷ | 32 |
| 4. | പിശുക്കനായ കാര്യസ്ഥൻ | 32 |
| 5. | പുണ്യവതിയുടെ പിതാവ് | 33 |
| 6. | താപസന്റെ ആത്മാവ് | 35 |
| 7. | മാളികവീട് | 35 |
| 8. | രണ്ട് വൈദികർ | 36 |
| 9. | നേർച്ച | 36 |
| 10. | ദർശനം | 36 |
| 11. | മോചനസഹായം | 37 |

മൂന്നാം ഭാഗം

| | | |
|---|---|---|
| | | 39 |
| 1. | മാതൃസ്നേഹം | 41 |
| 2. | സമ്മാനം | 41 |
| 3. | ബന്ധുത്വം | 42 |
| 4. | ക്ഷമ | 42 |
| 5. | അധ്വാനം | 44 |
| 6. | കച്ചവടം | 44 |
| 7. | തിരുമനസ്സ് | 44 |
| 8. | രോഗി | 45 |
| 9. | വായന | 46 |
| 10. | സമ്പത്ത് | 46 |
| 11. | അഹംഭാവം | 47 |
| 12. | നാവ് | 48 |
| 13. | അടക്കം | 48 |
| 14. | സ്നേഹിതർ | 48 |
| 15. | ധാരാളിത്തവും ലുബ്ധും | 49 |
| 16. | ഉപകാരം | 49 |
| 17. | വെട്ടം | 49 |
| 18. | പാവങ്ങൾ | 50 |
| 19. | ആതുരസേവനം | 50 |



# ഒന്നാം ഭാഗം

# പ്രിയോർമാവ്

നിസ്സാരമെന്നു തോന്നുന്ന ഏതാനും മാങ്ങ കന്യാസ്ത്രീകൾക്ക് നല്കുന്നതിലൂടെയാണ് ഈ കഥ ആരംഭിക്കുന്നത്.

"ഈ മാങ്ങ പാറായി എനിക്കു കൊടുത്തയച്ചതാണ്. ഇതിൽ ചുമന്ന രണ്ടുമാങ്ങകൾ വളരെ വിശേഷപ്പെട്ടതാണ്. ഇന്ത്യയിൽ ഉള്ളതിൽ ഒന്നാം തരം. പക്ഷേ, നന്നായി മൂത്തിട്ടില്ല. അതിനാൽ ഒന്നിന്റെ മുഖം പഴുത്തുപോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചിയറിഞ്ഞ് കിളിർപ്പിച്ച് ഉണ്ടാക്കുവാനായിട്ട് കൊടുത്തയയ്ക്കുന്നു. തൊലി ചെത്തിക്കളഞ്ഞ് എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം." എന്ന് മാമ്പഴം കൊടുത്തയച്ചുകൊണ്ട് ചാവറയച്ചൻ നിർദേശിച്ചു.



നല്ലതെന്നു തോന്നിയ മാമ്പഴത്തിന്റെ വിത്ത് പാകി. കരുത്തോടെ കിളിർത്തുവന്ന തൈ കൂനമ്മാവിൽ വച്ചുപിടിപ്പിച്ചു. അതിൽ മാങ്ങയുണ്ടായപ്പോൾ എല്ലാ കൊവേന്തകളിലേക്കും ചാവറയച്ചൻ മാങ്ങ കൊടുത്തയച്ചു. പ്രിയോർ കൊടുത്തയച്ച മാങ്ങയെ 'പ്രിയോർ മാങ്ങ' എന്നു വിളിച്ചു. ആ മാവിന്റെ വിത്തു മുളപ്പിച്ച തൈകൾ മറ്റുള്ള സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കാനും ചാവറയച്ചൻ ഉത്സാഹിച്ചു. അങ്ങനെയാണ്, ഇന്ന് കേരള മൊട്ടുക്കും പ്രചരിതമായ പ്രിയോർമാങ്ങയുടെ ഉത്ഭവം.


ചാവറയച്ചൻ നട്ടുപിടിപ്പിച്ച ആ മാവ് 1977-ൽ ഉണങ്ങിപ്പോയി. എങ്കിലും ആ കഥ അവിടംകൊണ്ടും അവസാനിച്ചിട്ടില്ല. ആ മാവിൻതടി ചെറിയ കഷണങ്ങളായി മുറിച്ച് ചാവറയച്ചനോടുള്ള സ്നേഹത്തെ പ്രതി അതിന്റെ പങ്ക് ഓരോ കൊവേന്തകളിലേക്കും എത്തിച്ചുകൊടുത്തു.

**ചാവറദർശനം**

*'വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയ ഭക്ഷണമാകുന്നു.'*

## പ്രിയോർവള്ളം

**18**37-ൽ മാന്നാനംപള്ളി പണിക്കു തടി ശേഖരിക്കുന്നതിനായി കണിയാന്തറ യാക്കോബും ചാവറയച്ചനും കൂടി ആരക്കുഴ, വാഴക്കുളം പ്രദേശങ്ങളിൽപ്പോയി. വാഴക്കുളത്തിനു തെക്കുവശത്തുള്ള പുഴയോരത്ത് 22 അടി വണ്ണമുള്ള ഒരു കുറ്റിത്തടി കണ്ട് മണ്ണുമാറ്റി അതു മുറിച്ചു. പിന്നീട് കലയക്കാട്ടിൽ എന്നയൊരാളിന്റെ 5 മരങ്ങളും മുറിച്ചു. കുര്യാക്കോസ് ഏലിയാസച്ചന്റെ നേതൃത്വത്തിൽ വഞ്ചി നിർമിച്ചു.



ഈ പുത്തൻവഞ്ചിയിലാണ് ചാവറയച്ചനും ലെയോപോൾദ്ച്ചനും വർക്കി അച്ചനും നിക്ലാവോസ് സഹോദരനും 4 നവസന്ന്യാസികളും കൂടി എൽത്തുരുത്ത് ആശ്രമദേവാലയത്തിന്റെ വെഞ്ചെരിപ്പ് കർമത്തിനു പോയത്. ഇത് 'പുത്തൻവള്ളത്തിലെ പുത്തൻയാത്ര' എന്ന് അറിയപ്പെടുന്നു. പ്രിയോരച്ചന്റെ വള്ളമെന്നും വലിയ പ്രിയോരച്ചന്റെ വള്ളമെന്നും ആളുകൾ ഈ വള്ളത്തിനു അന്നേ പേരിട്ടിരുന്നു. 28 അടി നീളവും 3¼ അടി വീതിയുമുള്ള ആ പഴയ വഞ്ചിയും അതിന്റെ കൂടാരവും ഇന്നും മാന്നാനത്തു സൂക്ഷിച്ചിരിക്കുന്നു.

**ചാവറദർശനം**

*'നിങ്ങൾ സത്യത്തെയും നീതിയേയും സ്നേഹിക്കണം.'*

## ദൈവതിരുമനസ്സ്

**കൂ**നമ്മാവിൽ ഒരു പനമ്പുമഠം ഉണ്ടാക്കി നാലുസ്ത്രീകളെ അതിൽ താമസിപ്പിച്ചു. അന്നേദിവസം ഇപ്രകാരം പറഞ്ഞിരുന്നു. "ദൈവം തിരുമനസ്സാക്കുമെങ്കിൽ ഈ ഓല മാറ്റിക്കെട്ടാതെ കല്ലുകൊണ്ട് പണിത മഠത്തിൽ പാർക്കാൻ ഇടവരും."



ആ പറഞ്ഞതുപോലെ തന്നെ വർഷം തികഞ്ഞ് ഓല മാറ്റുന്നതിനു മുമ്പേ ഓടിട്ട മഠത്തിൽ ദൈവം അവരെ പാർപ്പിച്ചതിനെ ഞാൻ കണ്ടിരിക്കുന്നു. ദൈവം തിരുമനസ്സായാൽ ഇതൊന്നും ബുദ്ധിമുട്ടുള്ള കാര്യമല്ലായെന്ന് അനുഭവത്തിൽനിന്നു പഠിച്ചിരിക്കുന്നു.

**ചാവറദർശനം**

*'മനുഷ്യർ പൂർണമനസ്സ് വയ്ക്കുന്ന കാര്യം മുക്കാലും നടക്കും. ബാക്കിയുള്ള കാൽഭാഗം ദൈവം നിറവേറ്റും.'*

## മാനസാന്തരം

**ചെ**റുപ്പംമുതൽ എനിക്ക് യാക്കോബ് അച്ചനെ അറിയാം. കുർബാനപ്പട്ടം സ്വീകരിച്ചതിനുശേഷവും എനിക്ക് അയാളെ കുറ്റപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെയിരിക്കയിൽ മാന്നാനം കൊവേന്തയിൽ പാചകജോലി ചെയ്തിരുന്ന കോയിൽ മുക്കുകാരൻ ഗീവർഗീസിന് അർശസ്സിന്റെ രോഗം വർധിച്ചു. കുടൽ പുറത്തിറങ്ങി പഴുത്ത് പുഴുക്കളുണ്ടായി വളരെ ദുർഗന്ധത്തോടുകൂടി അവിടെയുള്ള നെൽപ്പുരയിൽ കിടന്നിരുന്നു. കുമ്പസാരം മുതലായ കൂദാശകൾ കൊടുക്കാൻ പോലും പ്രയാസമായിരുന്നു. എന്നാൽ ഈ രോഗിയെ ഇയാൾ ശുശ്രൂഷിച്ച് നല്ല മരണത്തിന് ഒരുക്കി. മരണത്തിനുശേഷവും യാക്കോബ് അച്ചന് ഇതിന്റെ ഓർമയാൽ മൂന്നുനാലു ദിവസത്തേക്ക് കഞ്ഞികുടിക്കാൻ പറ്റാത്തതിനാൽ അരി വറുത്താണ് തിന്നിരുന്നത്.

ഈ വിവരങ്ങൾ ഞാൻ പിന്നീടാണ് അറിഞ്ഞത്. അതിനുശേഷമാണ് അച്ചന്റെ സ്വഭാവത്തിൽ മാറ്റം വന്നതും ധ്യാനപ്രസംഗകനായതും. പല പള്ളികളിലും ധ്യാനിപ്പിക്കാൻ ഞാൻ അച്ചനെ അയച്ചിട്ടുണ്ട്. പിന്നീട് മരിക്കുന്നതുവരെ ഒരു കാര്യത്തിനും കുറ്റപ്പെടുത്തേണ്ടിവന്നിട്ടില്ല. അതിനാൽ രോഗികളെ ശുശ്രൂഷിക്കുന്നത് ദൈവത്തിന് എത്ര ഇഷ്ടമുള്ളതെന്നു നോക്കുവിൻ.

**ചാവറദർശനം**

*'രോഗികളെ ശുശ്രൂഷിക്കുന്ന പ്രവൃത്തിയിലത്രേ സർവേശ്വരൻ പുണ്യവാന്മാരെയൊക്കെയും പുണ്യപ്പെട്ടവരാക്കിയത്. ഇത് മനുഷ്യർക്ക് ഏറ്റം അറപ്പുള്ളതും വെറുപ്പുള്ളതും പ്രയാസമുള്ളതും ലോകത്തിന്റെ മുൻപിൽ ഹീനമായി പരിഗണിക്കുന്നതും ദൈവതിരുമുൻപിൽ വലിയ ഫലമുള്ളതുമാകുന്നു.'*

# പള്ളിക്കൂടം

**അ**ക്ഷരം അറിവാണെന്നും അറിവ് ശക്തിയാണെന്നും അറിവിനെ ആയുധമാക്കാമെന്നും മനസ്സിലാക്കിയ ചാവറയച്ചൻ, മാന്നാനംകുന്നിൽ 1846–ൽ ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ച് പൊതുജനവിദ്യാഭ്യാസ ത്തിന് തുടക്കമിട്ടു. ആ കാലഘട്ടത്തിൽ അയിത്തത്തിന്റേയും വർണവർഗ



വിവേചനത്തിന്റെയും ഫലമായി പലർക്കും വിദ്യാഭ്യാസ അവകാശം നിഷേധിക്കപ്പെട്ടിരുന്നു. സാധാരണകുട്ടികൾ ആശാന്മാർ നടത്തിവരുന്ന കളരിയിൽപോയി പ്രാഥമിക വിദ്യാഭ്യാസം നിറവേറ്റി. ഉന്നതപഠനത്തിന് ഒട്ടുംതന്നെ അവസരമില്ല. ചുരുക്കംപേർ മാത്രമാണ് അതിന് പരിശ്രമിക്കുന്നത്. പെൺകുട്ടികളുടെ പഠനത്തിന് ആരുംതന്നെ പ്രോത്സാഹനം നല്കിയില്ല. പാശ്ചാത്യമിഷനറിമാർ നടത്തിവരുന്ന ഏതാനും സ്കൂളുകളിൽ പഠിച്ചവർക്ക് ധാരാളം ജോലി അവസരങ്ങൾ ലഭിക്കുന്നത് അറിയാനിടയായ ചാവറയച്ചൻ, ആശ്രമങ്ങളോടും പള്ളികളോടനുബന്ധിച്ചും വിദ്യാലയം നിർമിച്ച് അതിൽ എല്ലാ മതസ്ഥർക്കും തുല്യസ്ഥാനം നല്കി. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂനമ്മാവ് മഠത്തിനോടനുബന്ധിച്ച് 1866-ൽ അവസരമൊരുക്കിയും കേരളജനതയെ പ്രബുദ്ധമാക്കുവാൻ നേതൃത്വം നല്കി. വർണവർഗ വിവേചനത്തിന്റെ പേരിൽ വിദ്യാലയപടി കാണാൻ അവസരം നിഷേധിക്കപ്പെട്ടവർക്ക് പ്രത്യേക സ്കൂളുകൾ മാന്നാനത്തിലും ആർപ്പൂക്കരയിലും സ്ഥാപിച്ച് പഠനാവസരം ഒരുക്കി. അത് വിദ്യകൊണ്ട് സ്വതന്ത്രരാകുവാൻ വേണ്ടിയുള്ള ദർശനമാണ്. പട്ടിണി കൊണ്ട് പഠനം മുടങ്ങുന്നവർക്ക് ഉച്ചഭക്ഷണവും സ്കൂളുകളിൽ നല്കി.


**ചാവറദർശനം**

*'തിരിച്ചറിവ് ഉണ്ടായാലുടൻ കുട്ടികളെ വിദ്യാലയത്തിൽ അയയ്ക്കണം. അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ള കൂട്ടുകാരുമായി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കുകയും വേണം.'*

## അച്ചുകൂടം

സാഹിത്യകാരനും കവിയും കഥാകാരനും നാടകരചയിതാവുമായ ചാവറയച്ചൻ അച്ചടിപ്രസ്ഥാനം പരിചയപ്പെടുവാനും സാധിക്കുമെങ്കിൽ അങ്ങനെ ഒരു പ്രസ്സ് മാന്നാനം ആശ്രമത്തിൽ സ്ഥാപിക്കുവാനുമായി തീരുമാനിച്ച് കോട്ടയം സി.എം.എസ്. വക പ്രസ് കാണുവാൻ അനുവാദം ചോദിച്ചപ്പോൾ ലഭിച്ചില്ല. നിരാശനാകാതെ കേരളത്തിലെ രണ്ടാമത്തെ പ്രസ്സായിരുന്ന തിരുവനന്തപുരത്തിലുള്ള സർക്കാർവക അച്ചുകൂടം സന്ദർശിക്കുവാൻ തീരുമാനിച്ചു.

മഹാരാജാവിനെകണ്ട് അനുമതി വാങ്ങി. തിരുവനന്തപുരത്തിലുള്ള പ്രസ്സിന്റെ വിശേഷങ്ങളും പ്രവർത്തനങ്ങളും വിശദമായി ഒരു സ്നേഹിതൻ



മുഖേനെ മനസ്സിലാക്കി. അച്ചുകൂടത്തിന്റെ മാതൃക ഒരു വാഴപ്പിണ്ടിയിൽ നിർമിച്ചു. പിന്നീട് അതിന്റെ കുറവുകൾ തീർത്ത് ഒരു പാണ്ടി തട്ടാനെ കൊണ്ട് നല്ലൊരു അച്ചുകൂടയന്ത്രമുണ്ടാക്കി. അച്ചടി കടലാസിനും നടത്തിപ്പിനും സർക്കാരിൽനിന്നും അനുമതി സംഘടിപ്പിച്ചു. 1846–ൽ മാന്നാനംകുന്നിൽ സ്ഥാപിതമായ ഈ പ്രസ്സിൽനിന്നാണ് പത്രമുത്തശ്ശിയായ ദീപികപത്രവും മറ്റു മതസാമൂഹികപുസ്തകങ്ങളും പുറത്തിറക്കിയത്. കേരളത്തിലെ മൂന്നാമത്തെ ഈ പ്രസ്സ് ഇന്നും മാന്നാനത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു.

**ചാവറദർശനം**

*'വായന ഇഷ്ടമുണ്ടായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും.'*

## ധർമശാല

**നി**ങ്ങളുടെ കുരിശുപള്ളി (കപ്പേള) വലുതാക്കണം എന്നും മറ്റുമുള്ള വ്യർഥമായ ആഗ്രഹം ഉപേക്ഷിക്കുക. ഇടവകപ്പള്ളിയുണ്ടല്ലോ. പിന്നെയോ ഇതും ദൈവപൂജ എന്നോർത്ത് ഈ കാര്യത്തിനായി അല്പാല്പമായി സൂക്ഷിച്ച് ചില ധർമങ്ങളും വൈദ്യൻ മുതലായവർക്ക് ഉദാരമായി കൊടുത്തിരുന്നതുപോലെ എങ്കിലും ഒരു ജാഗ്രതവച്ച് ഈ കുരിശുപള്ളിയുടെ സമീപത്തായി ചെറിയ ഒരു ബംഗ്ലാവുപോലെ ഇരുവശത്തുമായി രണ്ടു മുറികളും നടുവിൽ ഒരു വരാന്തയും ആയിട്ട് പണിയുക. മെടഞ്ഞുണ്ടാക്കിയ ചുമരുണ്ടാക്കാം. മുളകൊണ്ടെങ്കിലും ഒരു മേൽക്കൂരയും തീർത്ത് അതിന് ധർമശാലയെന്നോ ഉപവിശാലയെന്നോ പേരുവിളിക്കാം. ഇതിൽ പുതുക്രൈസ്തവർ, അനാഥർ, മാർഗം കൂടുവാൻ ആഗ്രഹിക്കുന്നവർ, വഴിയിൽ അലഞ്ഞുനടക്കുന്ന യാചകർ, രോഗികൾ ഇങ്ങനെയുള്ളവരെ താമസിപ്പിച്ച് ശുശ്രൂഷിച്ച് സംരക്ഷിക്കാൻ സാധിക്കുന്നവിധത്തിൽ ഉണ്ടാകണം. ഇങ്ങനെ തുടങ്ങിയാൽ ദൈവസഹായത്താൽ ഇത് ഒന്നാമത്തെ ഉപവിശാല ആക്കുവാൻ ഇടവരും. എന്റെ വചനം കേട്ട് നിങ്ങൾ കർത്താവിനെപ്രതി നാണമില്ലാത്തവരാകുവിൻ! ഇതെന്തു ഭ്രാന്ത്? എന്നും മറ്റും പറഞ്ഞ് ജനങ്ങൾ ഒരുപക്ഷേ, നിങ്ങളെ പരിഹസിച്ചേക്കാം. സാരമാക്കേണ്ട. നിങ്ങൾ ഇതുവേഗം തുടങ്ങിയാൽ പ്രയാസം കൂടാതെ നിറവേറും.

**ചാവറദർശനം**

*'കാരണവന്മാരെ ബഹുമാനിക്കണമെന്നും അവരുടെ മനസ്സ് നോവിക്കുന്നവർക്ക് പരലോകത്തിൽ മാത്രമല്ല, ഇഹലോകത്തിലും ശിക്ഷയുണ്ടാകും.'*

## മതസൗഹാർദം

സന്ന്യാസവര്യനായിരുന്ന ചാവറയച്ചൻ തന്റെ പ്രഥമ താപസഭവന (ദർശനവീട്)ത്തിനായുള്ള സ്ഥലാന്വേഷണത്തിനിടയിൽ കുടമാളൂരിലെ നദിക്കുസമീപം കുമാരനല്ലൂർ പുല്ലരിക്കുന്ന് എന്നൊരു കുന്നുംപുറം കണ്ടെത്തി. അത് സ്വന്തമാക്കുവാനും പള്ളിവയ്ക്കുവാനും അനുവാദത്തിന് തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ ആരാധനാലയങ്ങൾ സ്ഥാപിക്കുമ്പോൾ ഇതരമതക്കാരുടെ വികാരം ചാവറയച്ചനും കൂട്ടരും കണക്കിലെടുത്തു. ആ സ്ഥലം കുമാര നല്ലൂർ ഭഗവതിയുടെ സങ്കേതസ്ഥാനമാകയാൽ ചില ഹിന്ദുക്കൾക്ക് തടസ്സ മുണ്ടെന്നു അറിയുവാനിടയായി. എന്നാൽ ഇവരുടെ എതിർപ്പ് തീർത്തു തരാമെന്ന് ഏറ്റുമാനൂക്കാരൻ ഒജനാരുമേത്തർ എന്ന മുസ്ലീം വ്യാപാരിയും മറ്റും ചിലരും സമ്മതിച്ചെങ്കിലും കല്ലും മരവും കൊണ്ടുള്ള ദേവാലയ ത്തേക്കാൾ പ്രധാനമാണ് മനുഷ്യമനസ്സുകൾക്കിടയിലെ സമാധാനം എന്നു മനസ്സിലാക്കി ആശ്രമത്തിനുവേണ്ടി ഇപ്പോഴത്തെ സ്ഥലം, മാന്നാനംകുന്ന് തിരഞ്ഞെടുത്തു. സംസ്കൃതഭാഷയോടും ഹരിജനങ്ങളോടും ഹിന്ദു സംസ്കാരത്തോടുമുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ തന്റെ സാഹിത്യ കൃതികളിൽ പലപ്രാവശ്യം സൂചിപ്പിച്ചിട്ടുണ്ട്.

**ചാവറദർശനം**

*'മനുഷ്യർ പരസ്പരം ഉപകാരം ചെയ്യണം എന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു നിയമമാകുന്നു.'*

## ഭാഷാസ്നേഹവും രാഷ്ട്രസ്നേഹവും

ബഹുഭാഷാപണ്ഡിതനായിരുന്ന ചാവറയച്ചന്, മലയാളംപോലെ, സംസ്കൃതം, തമിഴ്, ഇംഗ്ലീഷ്, പോർച്ചുഗീസ്, ലാറ്റിൻ, സുറിയാനി തുടങ്ങി ഒമ്പതുഭാഷകൾ സുപരിചിതമായിരുന്നു. ചാവറയച്ചന്റെ രചനകളിൽ ഈ ഭാഷകളിലെ പല ഗ്രന്ഥങ്ങളിൽനിന്നും അറിവുകൾ മലയാളത്തിലേക്കു തർജമ ചെയ്തവയും അതുപോലെ ഈ ഭാഷകളിൽ വിവിധഅവസര ങ്ങളിൽ ആശയവിനിമയങ്ങൾ നടത്തിയിട്ടുള്ള കത്തുകൾ, രേഖകൾ തുടങ്ങിയവയും ഉണ്ട്. കേരളത്തിന്റെ സാംസ്കാരികബിംബങ്ങൾ അദ്ദേഹ ത്തിന്റെ രചനകളിൽ തെളിഞ്ഞുകാണാം.

"കേസരി രാജൻ നീ നിന്നുടെസുമതം
കേരളമൊക്കെയും കാണാകേണം"

ചാവറയച്ചന്റെ സാഹിത്യസംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ഈ പുസ്തകത്തിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 12-ൽ). തിരുവിതാംകൂർ രാജാവിനെ ഏറ്റുമാനൂരിൽ സന്ദർശിച്ച് തിരുമുൽകാഴ്ച വയ്ക്കുന്നു. വരാപ്പുഴയിൽവച്ച് പള്ളിമണിയടിച്ചും കൊടിത്തോരണങ്ങൾ അലങ്കരിച്ച് സ്വീകരിച്ചതും ചാവറയച്ചൻ തന്റെ നാളാഗമത്തിൽ വിശദമായി കുറിച്ചിരിക്കുന്നു. കത്തോലിക്കസഭയുടെ പരമാധ്യക്ഷനായ റോമിലെ മാർപാപ്പയ്ക്കു രണ്ടുപ്രാവശ്യം കത്തെഴുതിയപ്പോൾ ഇങ്ങനെ അവസാനിപ്പിക്കുന്നു: "അവസാനമായി ഞങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ രാജ്യത്തിനും മഹാരാജാവിനും മന്ത്രിമാർക്കും അതിൽ വസിക്കുന്ന എല്ലാവർക്കും അങ്ങയുടെ ആശീർവാദം ധാരാളമായി നല്കേണമേ!" ദേശസ്നേഹിയും ഭാഷാസ്നേഹിയുമായ ചാവറയച്ചന്റെ ചിത്രമുള്ള തപാൽസ്റ്റാമ്പ് 1987 ഡിസംബർ 20-ന് പുറത്തിറക്കി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.


**ചാവറദർശനം**

*'എത്രയും ചിത്രമാം നിൻ മുഖപദ്മത്തെ*
*ഏകാന്തപ്രേമത്താൽ പാർക്കുന്നഹം.'*

# രോഗസൗഖ്യം

**രോ**ഗിയെ കാണുവാൻ പോകുന്ന നേരത്ത് യഥാർഥത്തിൽ രോഗം ആർക്കാണ് എന്ന് ഓർക്കണം എന്ന് ചാവറയച്ചൻ തന്റെ കവിതയിൽ കുറിച്ചുവച്ചു. രോഗം ശരീരത്തെ മാത്രമല്ല, ആത്മാവിനേയും കൂടി ബാധിക്കുന്നതാണ്. ശരീരത്തിന് വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയഭക്ഷണമാകുന്നു. ശരീരസൗഖ്യവും മനശ്ശാന്തിയും ഒരുമിച്ചുപോകുന്നു. കേരള ക്രൈസ്തവരുടെ ആത്മീയ, സാമുദായിക നേതാവായിരുന്ന ചാവറയച്ചൻ ആത്മീയസൗഖ്യത്തിനുവേണ്ടി, ധ്യാനങ്ങൾ, കുരിശിന്റെ വഴി, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകൾ, കത്തുകൾ, ദാനധർമം, വേദപാഠക്ലാസുകൾ, വചനപ്രഘോഷണം, പ്രാർഥനാപുസ്തകങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു.

രോഗിയെ ശുശ്രൂഷിക്കുന്നതിലൂടെ ആത്മീയമായി വളരുന്ന ഒരു വൈദികനെക്കുറിച്ച് ചാവറയച്ചൻ തന്റെ നാളാഗമത്തിൽ എഴുതിവച്ചിട്ടുണ്ട്. ഭാരതത്തിലെ ആദ്യത്തെ വിശുദ്ധയായി കത്തോലിക്കാസഭ അംഗീകരിച്ച വി. അൽഫോൺസാമ്മയ്ക്കു ചാവറയച്ചന്റെ അനുഗ്രഹത്താൽ അത്ഭുതകരമായി രോഗശാന്തി ലഭിച്ച വിവരം വി. അൽഫോൺസാമ്മ തന്നെ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. താമരശ്ശേരി രൂപതയിലെ കൂടരഞ്ഞി



സ്വദേശി പെണ്ണാപറമ്പിൽ ജോസഫ് മാത്യുവിന്റെ കാൽപ്പാദങ്ങൾ ഉള്ളിലേക്കു വളഞ്ഞ് തിരിഞ്ഞത് അത്ഭുതകരമായി സൗഖ്യമായി. പാലായിലെ കൊട്ടാരത്തിൽ ജോസ്-മേരിക്കുട്ടി ദമ്പതികളുടെ മകൾ മരിയയ്ക്ക് കോങ്കണ്ണിനോടൊപ്പം കണ്ണ് ഒരു ദൃഷ്ടിയിൽ നില്ക്കാത്ത സ്ഥിതി സുഖപ്പെട്ടത് ചാവറയച്ചനെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കത്തോലിക്കാസഭ അംഗീകരിച്ചു. രോഗശാന്തി ലഭിച്ച പലരുടേയും അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തിയ പുസ്തകങ്ങൾ മാന്നാനത്തുനിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ചാവറദർശനം**

*'എന്നെ ശക്തിപ്പെടുത്തുന്നവനായ മിശിഹായിൽ സർവതും എനിക്കു കഴിയുമെന്നുള്ള വചനത്തിൽ ശരണപ്പെട്ടുകൊണ്ട് ഇനി തമ്പുരാൻ തരുന്ന സമയം തന്റെ സ്തുതിക്കായിട്ട് മാത്രം പെരുമാറുവാൻ നിശ്ചയിച്ചിരിക്കുന്നു.'*



# രണ്ടാം ഭാഗം

## നന്മരണം

**വി**ശുദ്ധമറിയം മഗ്ദലന ദെപാസി എന്ന വിശുദ്ധയുടെ മരണത്തിന്റെ അല്പനേരം മുമ്പ് ഒരു വൈദികൻ അവളെ സന്ദർശിക്കാൻ വന്നു. അദ്ദേഹം മുറിയിൽ കടന്നപ്പോൾ കണ്ടത് പുണ്യവതിയുടെ ശക്തിയായ നടുക്കത്താൽ കട്ടിലും മുറിയും കൂടെ വിറയ്ക്കുന്നതാണ്. അമ്മ എന്തുകൊണ്ടാണ് ഇപ്രകാരം വിറയ്ക്കുന്നത് എന്ന് ചോദിച്ചതിന് ആ വിശുദ്ധ കരച്ചിലിനിടയിൽ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "എന്റെ അച്ചാ, സൃഷ്ടിച്ച തമ്പുരാന്റെ തിരുമുമ്പിൽ വിധിക്കായി നിർത്തപ്പെടുന്നത് എത്ര ഭയാനകമായ കാര്യമാകുന്നു." നോക്കുക, ഇത്ര വലിയ വിശുദ്ധിയുള്ളവർപോലും മരണസമയത്ത് ഭയപ്പെട്ട് വിറയ്ക്കുന്നെങ്കിൽ പാപികളായവരുടെ അവസ്ഥ എന്തായിരിക്കും? ഇക്കാരണത്താൽ ഒരു വ്യക്തിക്കു ചെയ്യാവുന്ന ഏറ്റവും വലിയ നന്മ അയാളുടെ മരണസമയത്ത് നല്കുന്ന സഹായമാണ്. അതിനാൽ ഈ നന്മരണസഭയുടെ പ്രധാനപ്പെട്ട കാര്യം ഇതാണ്. ഇതിൽ അംഗമാകുന്നവർ മരണാസന്നർക്ക് ഈ സഹായം ചെയ്യാൻ നല്ല മനസ്സും ധൈര്യവും ഉള്ളവരായിരിക്കണം.

ഒരാളുടെ ഉപദേശത്താലും ഉത്സാഹത്താലും പ്രേരണയാലും സദ്വചനങ്ങളാലും മറ്റൊരാൾ നന്മരണം വരിച്ച് ആ ആളുടെ ആത്മാവ് രക്ഷപ്പെട്ട് സ്വർഗഭാഗ്യത്തിനിടയായാൽ ഇതിനു കാരണക്കാരനായവന്റെ ആത്മരക്ഷയും നിശ്ചയം തന്നെ. എന്തെന്നാൽ, രക്ഷിക്കപ്പെട്ട ആത്മാവ് ദൈവതിരുമുമ്പിൽ എല്ലായ്പോഴും നന്ദി നിറഞ്ഞ മനസ്സോടുകൂടി അതിനു കാരണക്കാരനായ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കും. മരണമെന്ന മഹാസമുദ്രത്തിന്റെ മറുകരയിലേക്ക് നമ്മെ സുരക്ഷിതരായി എത്തിക്കാൻ കപ്പലിന്റെ അമരത്തിരിക്കുന്ന വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഭക്തി വളരെ സഹായമാണ്.

**ചാവറദർശനം**

*'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തുപ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തുകൊടുക്കും?'*

## മോഷണം

**ഒരിടത്ത്** അന്യരുടെ വസ്തുക്കൾ അപഹരിച്ച് ധനികനായിത്തീർന്ന ഒരു കുടുംബനാഥനുണ്ടായിരുന്നു. അവൻ രോഗിയായി മരിക്കാറായപ്പോൾ തന്റെ വസ്തു ഭാഗം ചെയ്യാൻവേണ്ടി എന്നതുപോലെ കച്ചേരിയിലെ

എഴുത്തുകാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു. "എന്റെ ആത്മാവിനെ പിശാചിന് ഞാൻ എഴുതികൊടുത്തു." ഇതുകേട്ടപ്പോൾ മക്കൾ, "ഈശോ, ഈശോ, അപ്പാ അപ്പന് ഭ്രാന്തുപിടിച്ചോ?" എന്ന് ചോദിച്ചു. അപ്പോൾ രോഗി പറഞ്ഞു. "ഇല്ലാ, ഇല്ല മക്കളേ. എനിക്ക് നല്ല ബോധമുണ്ട്. എനിക്ക് ഭ്രാന്തില്ല. ഞാൻ പറയുന്നത് എഴുതിക്കൊള്ളുവിൻ. എന്റെയും എന്റെ ഭാര്യയുടെയും എന്റെ മക്കളായ നിങ്ങളുടെയും ആത്മാവുകളെ പിശാചിന് ഞാൻ എഴുതിക്കൊടുത്തു. എന്തെന്നാൽ മക്കളായ നിങ്ങളെ പ്രതിയാണ് ഓരോ കളവും ഞാൻ ചെയ്തത്. ഭാര്യ എന്നെ സഹായിച്ചു. ഇതിനു കാരണം നിങ്ങളാണ്."

**ചാവറദർശനം**

*'മോഷ്ടിച്ചെടുത്ത വസ്തു നിന്റെ വീട്ടിൽ ഒരു നിമിഷംപോലും സൂക്ഷിക്കുവാൻ ഇടയാകരുത്. അത് നിന്റെ ഭവനത്തേയും ഭാവിയേയും നശിപ്പിക്കും.'*

## അന്ത്യശുശ്രൂഷ

ഒരു രോഗിയുടെ വീട്ടിൽ പുണ്യപുരുഷനായ ഒരു വൈദികൻ അന്ത്യശുശ്രൂഷയ്ക്കായി എത്തി. വഴിയിൽവച്ച് ആരുടെയോ സംസാരം കേൾക്കുന്നു. 'ജീവിതകാലത്തു നമ്മെ സഹായിച്ചയാൾ മരണത്തിന്റെ വക്കിൽ കിടക്കുന്നു. ഉടനെ നമുക്കുപോയി സഹായിക്കാം.' ശുദ്ധീകരണാത്മാക്കളായിരുന്നു ഇപ്രകാരം പറഞ്ഞത്. രോഗിയുടെ മരണസമയത്ത് വളരെയധികം ആളുകൾ വെണ്മയുള്ള വസ്ത്രം ധരിച്ചു നില്ക്കുന്നതും കോപവെറിയും നിരാശതയും പൂണ്ട് പിശാചുക്കൾ അകലെ നില്ക്കുന്നതും ആ വൈദികൻ കണ്ടു.

**ചാവറദർശനം**

*'രോഗികളെ തുണച്ച് നൽമരണം അനുഭവിപ്പിക്കുന്നതത്രേ എല്ലാ സഭകളുടെയും കാതൽ.'*

## പിശുക്കനായ കാര്യസ്ഥൻ

ഒരു സന്ന്യാസ ആശ്രമത്തിലെ പ്രൊക്കുദോർ (കാര്യസ്ഥൻ) അറുപിശുക്കനായിരുന്നു. എങ്ങനെയും ആശ്രമത്തിനു മുതൽകൂട്ടുന്നതിനായിരുന്നു ആ സന്ന്യാസിയുടെ ശ്രദ്ധ മുഴുവൻ. ഏതെങ്കിലും ഒരു സന്ന്യാസി ആശ്രമത്തിൽ മരിക്കുകയാണെങ്കിൽ അയാളുടെ ഒരു മാസത്തിനുള്ള ചെലവ് വസ്തുക്കൾ പാവപ്പെട്ടവർക്കു ദാനം ചെയ്യണമെന്ന് അവിടെ

നിയമമുണ്ടായിരുന്നു. ആയിടെ ഉണ്ടായ ഒരു പകർച്ചാവ്യാധി മൂലം നിരവധി സന്ന്യാസികൾ മരണമടഞ്ഞു. എന്നാൽ പിശുക്കനായ പ്രൊക്കുദോർ മരിച്ചവർക്കുവേണ്ടി ധർമാനുഷ്ഠാനം നടത്താതെ ആ പണം ആശ്രമത്തിനു കൂട്ടിവച്ചു.

പ്രൊക്കുദോർ ഒരു ദിവസം രാത്രി തന്റെ ശയനമുറിയിലേക്കു പോകുന്ന സമയം കോൺഫറൻസുഹാളിൽ ഇരുന്നു ആരൊക്കെയോ സംസാരിക്കുന്നതു കണ്ടു. അയാൾ വിളക്കുമായി അടുത്തെത്തി സൂക്ഷിച്ചുനോക്കി. അവിടെ മുൻപു മരിച്ച സന്ന്യാസിമാർ തന്നെയാണവർ. അവർ അയാളെ സമീപിച്ചു പറഞ്ഞു. താങ്കൾ ഞങ്ങൾക്കുവേണ്ടിയുള്ള ദാനധർമങ്ങൾ മുടക്കിയതുകൊണ്ട് ഞങ്ങൾ ഇപ്പോഴും ശുദ്ധീകരണസ്ഥലത്തുകിടന്ന് വേദന അനുഭവിക്കുകയാണ്. നാലുദിനങ്ങൾക്കുശേഷം നിനക്കും ഈ ഗതികേടു വന്നുചേരുമെന്ന മുന്നറിയിപ്പും കൊടുത്ത ശേഷം അവർ പ്രൊക്കുദോരെ അടിച്ച് അവശനാക്കി.


പിറ്റേദിവസം ആശ്രമാധികാരിയും സഹസന്ന്യാസിമാരും വന്നപ്പോൾ അർധപ്രാണനായി കിടക്കുന്ന പ്രൊക്കുദോരെ കണ്ടു. കാര്യങ്ങൾ എല്ലാം മനസ്സിലാക്കിയ അവർ വേണ്ടതെല്ലാം ചെയ്തു കടമകൾ നിറവേറ്റി. ആത്മാക്കൾ അറിയിച്ചതുപോലെ നാലുദിവസത്തിനുശേഷം മരിച്ച പ്രൊക്കുദോർ, ശുദ്ധീകരണസ്ഥലത്ത് ചെന്നുചേർന്നു. മറ്റുസന്ന്യാസിമാർ മോക്ഷപ്രാപ്തരായശേഷം ഇയാളും ശുദ്ധീകരണസ്ഥലത്തുനിന്നും മോചിതനായി.

**ചാവറദർശനം**

*'മനുഷ്യൻ ആരുതന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായുള്ള സമയം ഇപ്പോഴാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയമോർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുൻപു തുടങ്ങി ഞാൻ ചെയ്തു വന്നു.'*

## പുണ്യവതിയുടെ പിതാവ്

കന്യകയും പുണ്യവതിയുമായിരുന്ന മോനിക്കായുടെ പിതാവ് മരണമടഞ്ഞു. മോനിക്കാ പലപ്പോഴും അദ്ദേഹത്തിനുവേണ്ടി പ്രാർഥിക്കാൻ ശ്രമിച്ചെങ്കിലും പൂർണമാക്കാൻ കഴിഞ്ഞില്ല. കുറെക്കാലത്തിനുശേഷം അഗ്നിത്തുടൽക്കൊണ്ടു ബന്ധിതനായി അവളുടെ പിതാവ് കാണപ്പെട്ടു. അവളോടു പറഞ്ഞു. "നീ മറ്റുള്ള ആത്മാക്കൾക്കുവേണ്ടി പ്രാർഥിക്കുകയും അവർ സ്വർഗസ്ഥരാവുകയും ചെയ്യുന്നു. എന്തുകൊണ്ട് എനിക്കുവേണ്ടി പ്രാർഥിക്കുന്നില്ല."



മോനിക്കാ പറഞ്ഞു. "അങ്ങ് മരിച്ചയുടൻതന്നെ ഞാൻ അങ്ങേക്കു വേണ്ടി പ്രാർഥിക്കുന്നതിൽ ജാഗ്രത പാലിച്ചിരുന്നു. പക്ഷേ, പ്രാർഥനാ മുറിയിൽ എത്തിയാലുടനെ അങ്ങയുടെ കാര്യം ഞാൻ വിസ്മരിച്ചു പോകും. "പിതാവ് അവരോട് പറഞ്ഞു. "നീ പറഞ്ഞതു സത്യം തന്നെ. ജീവിതകാലത്ത് ഞാൻ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ സ്മരിച്ചില്ല. അതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്." മോനിക്ക അയാൾക്കുവേണ്ടി തീക്ഷ്ണമായി പ്രാർഥിച്ചു. തത്ഫലമായി അയാളുടെ ആത്മാവ് മോക്ഷ പ്രാപ്തമായി.

**ചാവറദർശനം**

*'വിശ്വസിച്ചുകൊണ്ടുള്ള പ്രാർഥനയിൽ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും.'*

## താപസന്റെ ആത്മാവ്

കഠിനവ്രണങ്ങൾ കൊണ്ട് പീഡിതനായ ഒരു താപസൻ തന്നെ ഉടൻ വെട്ടിക്കൊന്നുകളയണമെന്ന് ദൈവത്തോടു നിരാശയോടെ പ്രാർഥിച്ചു. ദൈവം അയച്ച ഒരു മാലാഖ അവനോടു പറഞ്ഞു. "ഒന്നുകിൽ ഈ വേദന സഹിച്ചു കുറെ വർഷങ്ങൾ ഭൂമിയിൽ കഴിയുക. അല്ലെങ്കിൽ ശുദ്ധീകരണ സ്ഥലത്ത് മൂന്നുദിവസങ്ങൾ പീഡ അനുഭവിക്കുക." താപസൻ രണ്ടാമത്തെ നിർദേശം സ്വീകരിച്ചു. മരിച്ച് ശുദ്ധീകരണസ്ഥലത്തെ തീയിൽ അയാൾ വീണു. പിന്നീട് മാലാഖ ശുദ്ധീകരണസ്ഥലത്തുചെന്നപ്പോൾ താപസന്റെ ആത്മാവ് കോപിഷ്ഠനായി ചോദിച്ചു. "മൂന്നുദിവസം എന്നുപറഞ്ഞു എന്നെ വഞ്ചിച്ചതെന്തിനാണ്? എത്രയോ നാളായി ഞാൻ ഇവിടെ കിടന്നു വെന്തുരുകുന്നു. നീ ദൈവത്തിന്റെ മാലാഖയല്ല, വഞ്ചകനാണ്."

മാലാഖ പറഞ്ഞു. "താങ്കൾക്കു തെറ്റിപ്പോയി. താങ്കൾ മരിച്ചിട്ട് ഒരു ദിവസം പോലും ആയിട്ടില്ല. കട്ടിലിൽ മൃതശരീരം കിടക്കുന്നു. വേദനയുടെ ആധിക്യം കൊണ്ട് ദീർഘനാൾ ആയെന്നു നിനക്കു തോന്നുന്നതാണ്." അയാൾ വീണ്ടും ദീർഘനാൾ രോഗം സഹിച്ച് ഭൂമിയിൽ ജീവിക്കുവാൻ തയ്യാറായി.

**ചാവറദർശനം**

*'അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ രക്ഷ പ്രാപിക്കും.'*

## മാളികവീട്

വലിയ ഒരു നഗരത്തിലെ പ്രഭു മനോഹരമായ ഒരു മാളിക തീർത്തു. അയാളുടെ മരണശേഷം ആ മാളികയിൽ പുത്രന്മാർക്കു പാർക്കാൻ കഴിഞ്ഞില്ല. രാത്രിയിൽ ഘോരസ്വരങ്ങളും അഗ്നിയും പ്രത്യക്ഷപ്പെട്ടു. അതുകൊണ്ട് ആ സ്ഥലം അവർ വിറ്റു. സ്ഥലം വാങ്ങിയവർക്കും പഴയ അനുഭവങ്ങൾ ഉണ്ടായി. അതിനാൽ അവരും ആ സ്ഥലം വിറ്റു. പലവട്ടം കൈമാറ്റം ചെയ്യപ്പെട്ട ആ സ്ഥലം അവസാനം വാങ്ങിയ ആൾ അടുത്തുള്ള സന്ന്യാസാശ്രമത്തിലെ മണിയൊച്ച കേട്ടപ്പോൾ ഭീകരശബ്ദം നിലയ്ക്കുന്നതും ഒരു അഗ്നിമനുഷ്യൻ മറഞ്ഞുപോകുന്നതും കണ്ടു. ശുദ്ധീകരണസ്ഥലത്തെ ആത്മാവിനെ മോചിപ്പിച്ചാൽ പ്രശ്നം അവസാനിക്കുമെന്ന് മനസ്സിലാക്കിയ വീട്ടുടമസ്ഥൻ വേണ്ടത്ര ദാനധർമങ്ങൾ ചെയ്തു. അതോടെ മാളിക വാസയോഗ്യമായി.

**ചാവറദർശനം**

*'ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവപേടിയും ഭക്തിയുംതന്നെ. ദൈവപേടിയുള്ള തറവാട്, ഈ ലോകത്തിലും പരലോകത്തിലും ദൈവവാഴ്‌വിൻഫലം അനുഭവിക്കുകയും ചെയ്യും.'*

## രണ്ടു വൈദികർ

**ആ**ത്മാർഥ സ്നേഹിതരായ രണ്ടു വൈദികർ തമ്മിൽ ഒരു വാഗ്ദാനം നടത്തി. ആദ്യം മരിക്കുന്നയാൾക്കുവേണ്ടി മറ്റേയാൾ എത്രയും പെട്ടെന്ന് ഒരു ദിവ്യബലി അർപ്പിക്കണം. ഒരാൾ ആദ്യം മരിച്ചു. മറ്റേയാൾ അര മണിക്കൂറിനകം ഒരുങ്ങി ദിവ്യപൂജ അർപ്പിച്ചു പ്രാർഥിച്ചു. ശുദ്ധീകരണ സ്ഥലത്തുനിന്ന് മോചിതനായ ആത്മാവ് പരിഭവത്തോടുകൂടി പ്രത്യക്ഷപ്പെട്ട് ഭൂമിയിലുള്ള കൂട്ടുകാരനെ ശാസിച്ചു. അരമണിക്കൂർ ആണെങ്കിൽ പോലും ശുദ്ധീകരണാഗ്നിയിലെ വേദന അതികഠിനമായിരുന്നുവെന്ന് അറിയിക്കാൻവേണ്ടിയാണ് ആത്മാവ് പ്രത്യക്ഷപ്പെട്ടത്.

**ചാവറദർശനം**

*'കർത്താവിലേക്ക് തിരിയാൻ വൈകരുത്. നാളെ നാളെ എന്ന് നീട്ടി വയ്ക്കുകയുമരുത്.'*

## നേർച്ച

**മ**രണസമയത്ത് വാഗ്ദാനം ചെയ്യുന്ന കാര്യങ്ങൾ നിറവേറ്റണം എന്നതു വിശദമാക്കുന്ന ഒരു കഥ. തന്റെ കുതിരയെ വൈദികർക്കായി ദാനം ചെയ്യണമെന്ന് ഒരു പിതാവ് മകനോട് മരണനേരത്തു പറഞ്ഞു. മകൻ അതു ചെയ്യാതെ കുറെക്കാലം കഴിച്ചു. അതിനാൽ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടായി. അതിന്റെ കാരണം മനസ്സിലാക്കി പിന്നീട് ആ നേർച്ച അയാൾ പൂർത്തിയാക്കി ആശ്വാസം നേടി. മരണസമയത്തിൽ നേരുന്ന നേർച്ചകൾ മറക്കാതെ വേഗത്തിൽ നിറവേറ്റുവിൻ.

**ചാവറദർശനം**

*'മരണം വരെ വിശ്വസ്തനായിരിക്കുക. ജീവന്റെ കിരീടം നിനക്കു ഞാൻ നൽകും.'*

## ദർശനം

**വൃ**ദ്ധയും ദരിദ്രയുമായ ഒരു പുണ്യസ്ത്രീ രോഗാധീനയായി മരിക്കുന്നു. ഇവളുടെ രണ്ടുപുത്രിമാർ കന്യകാലയത്തിലുണ്ട്. ആയിടെ ഒരു പുണ്യവതി തന്റെ ധ്യാനസമയത്ത് ഒരു ദർശനം കണ്ടു. മുൻപത്തെ വൃദ്ധ മരിച്ചപ്പോൾ അവളുടെ ആത്മാവിനെ ദൈവമാതാവു വന്നു സ്വീകരിക്കുമെന്നതായിരുന്നു ആ ദർശനം. ഈ വസ്തുത പുണ്യവതി പരസ്യമാക്കിയതുകൊണ്ട് വൃദ്ധയുടെ മക്കളോ സ്നേഹിതരോ അവളുടെ ആത്മാവിനു വേണ്ടി പ്രാർഥിച്ചില്ല.

കുറേ നാളുകൾക്കുശേഷം പുണ്യവതി ധ്യാനസ്ഥയായിരിക്കേ വീണ്ടും വൃദ്ധയുടെ ആത്മാവ് അവൾക്ക് കാണപ്പെട്ടു. ശുദ്ധീകരണസ്ഥലത്ത് താൻ കഠിനവേദന അനുഭവിക്കുന്നതായും തനിക്കുവേണ്ടി ആരും പ്രാർഥിക്കാത്തതിൽ ഖേദിക്കുന്നതായും ആത്മാവു പുണ്യവതിയെ അറിയിച്ചു. സ്വർഗപ്രവേശനത്തിന് പാപത്തിന്റെ നിഴൽപോലും ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് ദൈവമാതാവിനാൽ സ്വീകൃതയെങ്കിലും ശുദ്ധീകരണസ്ഥലത്ത് കിടക്കേണ്ടിവന്നത് എന്ന് അവർ പുണ്യവതിയെ അറിയിച്ചു. ഈ വസ്തുത അറിഞ്ഞ എല്ലാവരും ഒരുമിച്ചു പ്രാർഥിച്ചു. തത്ഫലമായി വൃദ്ധയുടെ ആത്മാവ് സ്വർഗപ്രാപ്തയായി.

**ചാവറദർശനം**

*'ഭഗ്നാശരാകാതെ എപ്പോഴും പ്രാർഥിക്കണം; പ്രാർഥനാസമയത്ത് എത്ര വലിയ വിശിഷ്ടാതിഥികളോ പ്രധാനികളോ ഉണ്ടായിരുന്നാലും പ്രാർഥന മുടക്കരുത്. കൃത്യസമയത്തുതന്നെ അത് നടത്തുകയും വേണം.'*

## മോചനസഹായം

ഉത്തരദിക്കിലെ ധനികനായ ഒരാൾ ഭാര്യയുമൊത്ത് സന്തോഷത്തോടെ കഴിയുന്നു. ഇയാളുടെ ഒരു മിത്രം അവരോടൊപ്പം പലപ്പോഴും വീട് സന്ദർശിച്ചിരിക്കുന്നു. ധനികന്റെ ഭാര്യയിൽ അയാൾ ഭ്രമിച്ചു. പതിവ്രതയായ ഭാര്യ മിത്രത്തിന്റെ ചാപല്യത്തിനു വഴങ്ങിയില്ല. സുഹൃത്തിന്റെ ചാപല്യം ധനികൻ മനസ്സിലാക്കി തിരുത്താൻ ശ്രമിച്ചിട്ടും അയാൾ കൂട്ടാക്കിയില്ല.

ധനികനും ഭാര്യയും ദൂരെ ഒരു ബംഗ്ലാവിൽ വിനോദയാത്രയ്ക്കുപോയി അവിടെവച്ച് അയാൾ ഭാര്യയെ നിർബന്ധിച്ച് മിത്രത്തിന് ഒരു കത്തെഴുതിച്ചു. ഇതായിരുന്നു അതിന്റെ സാരം. "ഞാനും ഭർത്താവും കോട്ടപ്പുറത്തുള്ള ബംഗ്ലാവിലാണ്. ഇന്നുരാത്രി ഭർത്താവ് മറ്റൊരുസ്ഥലത്തേക്കു പോകും. താങ്കൾ ഈ രാത്രി വന്നാൽ നമുക്കൊത്തുകഴിയാം." ഈ കത്ത് ഭാര്യയെക്കൊണ്ട് ഒപ്പിടുവിച്ച് മിത്രത്തിന്റെ പക്കൽ ദൂതൻവഴി കൊടുത്തയച്ചു. എന്നിട്ട് വാളും തോക്കുമായി അയാളെ വധിക്കാൻ ഒളിച്ചിരുന്നു.

ദുർബലമാനസനായ സുഹൃത്ത് അവസരം പാഴാക്കാതെ കുതിരപ്പുറത്തു കയറി പാഞ്ഞു. ആ വഴിക്ക് ഒരു കുറ്റവാളിയെ രാജാവ് വധിച്ച് പരസ്യമായി കഴുവിൽ തൂക്കിയിട്ടിരുന്നു. ആ തസ്കരൻ ശിക്ഷിക്കപ്പെട്ടെങ്കിലും അയാളുടെ ആത്മാവ് രക്ഷപ്പെടട്ടെ എന്നുകരുതി മിത്രം ആ പ്രേതത്തിന്റെ സമീപത്തുനിന്ന് പാപമോചനത്തിനായി പരിശുദ്ധ കന്യകയോട് പ്രാർഥിച്ചു.

വീണ്ടും യാത്ര തിരിച്ചപ്പോൾ പ്രേതം കഴുമരത്തിൽ നിന്നിറങ്ങിവന്ന് മിത്രത്തോടു പറഞ്ഞു. "താങ്കൾ പോകരുത്. പോയാൽ മരണം നിശ്ചയം. അല്ലെങ്കിൽ ഞാൻ കൂടെവന്ന് അക്കാര്യം താങ്കളെ കാണിക്കുകയും രക്ഷിക്കുകയും ചെയ്യാം." രണ്ടുപേരും യാത്രയായി.

ബംഗ്ലാവിന്റെ അടുത്തെത്തിയപ്പോൾ പ്രേതം അയാളോടു പറഞ്ഞു. "നിന്റെ വസ്ത്രം അഴിച്ച് എനിക്കു തരുമെങ്കിൽ ഞാൻ പറഞ്ഞ കാര്യം തെളിയിച്ചുതരാം." അയാൾ അനുസരിച്ചു.

അയാളുടെ വസ്ത്രം ധരിച്ചശേഷം പ്രേതം ബംഗ്ലാവിന്റെ ഭിത്തിയിൽ ചാരിവച്ചിരുന്ന ഗോവണിയിലൂടെ കയറി മുകളിലെത്തി. പെട്ടെന്ന് അതു സംഭവിച്ചുകഴിഞ്ഞു. കയറിയ ആളെ തുണ്ടം തുണ്ടമാക്കി വെട്ടി ഭൂമിയിലിട്ടു. ഇതുകണ്ട് ആ മനുഷ്യൻ ഭയന്നുവിറച്ചു. മുറിഞ്ഞുവീണ ശരീരഭാഗങ്ങൾ വീണ്ടും കൂടിച്ചേർന്ന പ്രേതം ആ മനുഷ്യനോടു പറഞ്ഞു. നിന്റെ പാപത്തിന്റെ ദുഷ്ഫലം എന്താകുമായിരുന്നുവെന്ന് ഇപ്പോൾ മനസ്സിലായല്ലോ. ദൈവമാതാവിനോട് ശുദ്ധീകരണാത്മാവായ എനിക്കുവേണ്ടി നീ പ്രാർഥിച്ചതുകൊണ്ട് ഈ അപകടത്തിൽനിന്ന് തത്കാലം രക്ഷപ്പെട്ടു. ഇനിമേൽ സൂക്ഷിച്ചുകൊള്ളുക. പ്രേതം മറഞ്ഞപ്പോൾ ഭയചകിതനായ അയാൾ കുതിരപ്പുറത്തു പാഞ്ഞുപോയി. ഒരു സന്ന്യാസഭവനത്തിലെത്തി ആശ്രമാധികാരി അയാളെ സ്വീകരിച്ചു. പരിശുദ്ധ ജീവിതം കഴിച്ച് ആ മനുഷ്യൻ രക്ഷപ്പെട്ടു.

**ചാവറദർശനം**

*'അവിടുന്ന് സകലവും നന്മക്കായി പരിണമിപ്പിക്കുന്നു.'*



# മൂന്നാം ഭാഗം

## മാതൃസ്നേഹം

ജപ്പാൻ എന്ന രാജ്യത്തിൽ ഒരു അമ്മയ്ക്കു മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദരിദ്രരായിരുന്നതിനാൽ തങ്ങളുടെ അമ്മയെ പരിരക്ഷിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കിക്കൊല്ലണം എന്നും കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്കു വലിയ സമ്മാനം കൊടുക്കണം എന്നും ചട്ടം വയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്കു തൃപ്തികരമായി ചെലവിനു കൊടുക്കാൻ കഴിവുണ്ടാകുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കുകയും മറ്റിരുവരും കൂടി അവനെ സർക്കാരിൽ ഏല്പിക്കുകയും ഇങ്ങനെ സമ്മാനം വാങ്ങിക്കുകയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽ ചെന്ന് യാത്രപറയുന്നതും ധൈര്യമായി അമ്മയ്ക്കുവേണ്ടി മരണശിക്ഷ ഏല്ക്കണമെന്ന് അവനോട് ഉപദേശിക്കുന്നതും അധികാരി കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്ക് ഇത്ര വലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്നു അന്വേഷിച്ചു.

അമ്മയോടുള്ള സ്നേഹത്താൽ സഹോദരന്മാരായ അവരിലൊരുവൻ മരിക്കുവാൻ നിശ്ചയിച്ചതാണെന്നും അവൻ തെറ്റുകാരനല്ലെന്നും ഉള്ള സത്യമറിഞ്ഞു. ഈ സംഗതി രാജാവിനെ ബോധിപ്പിച്ചപ്പോൾ അവനെ വിട്ടയച്ചതുകൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്ക് രാജാവ് ജീവനാംശം കൊടുക്കുവാൻ കല്പിക്കുകയും ചെയ്തു.

**ചാവറദർശനം**

*'ദൈവസ്നേഹവും ദൈവഭയവും ഉള്ള മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.'*

## സമ്മാനം

ഒരിക്കൽ ഒരു വൃദ്ധ പല കാരണങ്ങൾ ഉണ്ടാക്കി വീട്ടിൽ വഴക്കുണ്ടാക്കുക പതിവായി. ഇതിൽ സംപ്രീതനായ പിശാച് അവൾക്കു പ്രത്യക്ഷനായി പൊന്നുനിറച്ച ഒരു സഞ്ചി അവൾക്കു സമ്മാനമായി കൊടുത്തു. പിശാച് ഇങ്ങനെ പറഞ്ഞു. "ഞാൻ മൂന്നുവർഷം അധ്വാനിച്ചിട്ട് സാധിക്കാത്തതു നീ മൂന്നുദിവസം കൊണ്ട് സാധിച്ചു. അതിനാൽ എന്റെ ആലോചനക്കാരിയാകാൻ യോഗ്യതയുള്ളവളാണ് നീ." പിശാച് അവളെ നരകത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. നരകാഗ്നിയിൽ അവളുരുകി.

***ചാവറദർശനം***

*'നിങ്ങൾ പരസ്പരം സ്നേഹത്തിൽ ജീവിക്കുവിൻ; കുറവുകളും കുറ്റങ്ങളും പരസ്പരം ക്ഷമിക്കുവിൻ. ഇങ്ങനെ ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.'*

## ബന്ധുത്വം

ഫ്രാൻസ് രാജ്യത്തിൽ ഒരപ്പന് ഒരു മകനുണ്ടായിരുന്നു. തന്റെ മകനെക്കൊണ്ട് വലിയ തറവാട്ടുകാരനായ ഒരു മാടമ്പിയുടെ മകളെ വിവാഹം ചെയ്യിക്കാൻ ആലോചിച്ചു. ഒടുവിൽ തന്റെ തറവാട്ടുവക സ്വത്തു മുഴുവൻ മകന്റെ പേരിൽ എഴുതികൊടുക്കണം എന്ന് ഉടമ്പടി ചെയ്തുകൊണ്ട് അപ്പന്റെ ആഗ്രഹംപോലെ വിവാഹം നടത്തി. കുറെനാൾ കഴിഞ്ഞപ്പോൾ മകനും മരുമകളുടെ കാരണവന്മാരും തമ്മിൽ അപ്പന്റെ അന്തസ്സ് കുറവിനെച്ചൊല്ലി രസക്കേടായി, അപ്പനെ വീട്ടിൽനിന്നും പുറത്താക്കി. അയാൾക്കു ഭിക്ഷയാചിച്ചു നടക്കേണ്ടിവന്നു. മകന്റെ വീട്ടിൽ സദ്യകളും ആഘോഷങ്ങളും നടത്തുമ്പോൾ അപ്പന് ആ വാതില്ക്കൽ ചെന്ന് ഭക്ഷണം യാചിക്കേണ്ടിവരികയും ചെയ്തു.

***ചാവറദർശനം***


*'ധനത്തെ പ്രതി ക്രമവും ദൈവഭയവും ഇല്ലാത്ത തറവാടുകളുമായി ബന്ധുത്വം സ്ഥാപിക്കേണ്ട. എന്തെന്നാൽ ഒരു കുടുംബത്തിന് നന്മയും സന്തോഷവും വരുത്തുന്നത് ധനികരായ ബന്ധുക്കളല്ല; ക്രമവും ദൈവഭയവുമുള്ള ബന്ധുക്കളാണ്.'*

## ക്ഷമ

**കോ**ൺസ്റ്റൈൻ എന്ന മഹാചക്രവർത്തി ഒരിക്കൽ തന്റെ രാജസമുഹത്തോടൊപ്പം നടക്കുകയായിരുന്നു. വഴിമധ്യേ ഒരാൾ ചക്രവർത്തിയുടെ ഒരു കരണത്തടിച്ചു. അപ്പോൾത്തന്നെ ആ ദുഷ്ടനെ വധിക്കുവാനും അങ്ങനെ പകരംവീട്ടുവാനും കൂടെയുള്ളവർ ഉപദേശിച്ചു. ഇതിനു മഹാരാജാവിന്റെ മറുപടി ഇപ്രകാരമായിരുന്നു. "എന്റെ ഏറ്റവും ചെറിയ ഒരു ഉദ്യോഗസ്ഥനു ചെയ്യാൻ കഴിയുന്ന ഈ കാര്യം ഞാൻ ചെയ്യുന്നത് വലിയ കാര്യമാണോ?" ഇത് എന്റെ ഏറ്റവും വലിയ ശക്തിയുടെ അടയാളമാകുന്നു.

**ചാവറദർശനം**

**'നീരസങ്ങളെക്കുറിച്ച് പകരംവീട്ടാൻ മൃഗങ്ങൾക്കുപോലും സാധിക്കും. എന്നാൽ സാരംവയ്ക്കാതെ ക്ഷമിക്കുന്നത് മഹാശക്തിയും വിവേകവുമുള്ള വ്യക്തികളുടെ അടയാളമാണ്.'**



## അധ്വാനം

**ക**ർത്തോന എന്നുപേരുള്ള റോമനഗരത്തിന്റെ അധികാരി, റോമിൽ താമസിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഞങ്ങൾ അധ്വാനിക്കുന്നവരാണ് എന്നുള്ളതിന് തെളിവായി തങ്ങളുടെ കൈത്തഴമ്പ് അധികാരിയെ കാണിക്കണമെന്ന് കല്പന പുറപ്പെടുവിച്ചു. മാത്രവുമല്ല; മാടമ്പികൾ, ധനികർ എന്നിവർ അവരവരുടെ അന്തസ്സിനുചേർന്ന ജോലി ചെയ്യുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ അങ്ങോട്ടുമിങ്ങോട്ടും അലസരായി നടന്നുകൂടാ എന്ന് കർശനമായി കല്പിക്കുകയും ചെയ്തു.

**ചാവറദർശനം**

*'മടി സർവ ദുർഗുണങ്ങളുടെയും മാതാവാകുന്നു. പ്രത്യേകിച്ച് മദ്യപാനത്തിന്റെ പിതാവുമാകുന്നു.'*

## കച്ചവടം

**ര**ണ്ട് കച്ചവടക്കാർ ഉണ്ടായിരുന്നു. ഇവർ പല കൗശലങ്ങളും സൂത്രങ്ങളും പ്രയോഗിച്ചിട്ടും കച്ചവടം പുരോഗമിച്ചില്ല. ധനവും വർധിച്ചില്ല. ഒരു ദിവസം അവർ രണ്ടുപേരും കുമ്പസാരം നടത്തിയപ്പോൾ ഇക്കാര്യവും കുമ്പസാരക്കാരനോട് ഏറ്റുപറഞ്ഞു. ഇനി നിങ്ങൾ ഒരു നുണപോലും പറയരുത്. ഒരു സൂത്രവും പ്രയോഗിക്കേണ്ട എന്ന് ഉപദേശിച്ചു. അതനുസരിച്ച് കച്ചവടം നടത്തിയപ്പോൾ ഒരു വർഷം കൊണ്ട് ദൈവാനുഗ്രഹത്താൽ വലിയ ധനികരായി മാറി.

**ചാവറദർശനം**

*'സൂത്രംകൊണ്ടും കളവുകൊണ്ടും സമ്പാദിച്ച ധനം മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.'*

## തിരുമനസ്സ്

**വി.** അംബ്രോസിസ് ഒരിക്കൽ ഒരു വീട്ടിൽ പ്രവേശിച്ചു. അവിടെ ഒരിക്കലും ദുഃഖമോ രോഗമോ സങ്കടമോ ഉണ്ടായിട്ടില്ലെന്ന് കേട്ടപ്പോൾ ഇങ്ങനെ പറഞ്ഞുവത്രെ: "നമുക്ക് ഈ വീട്ടിൽനിന്ന് പെട്ടെന്ന് ഇറങ്ങിപ്പോകാം. എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ ദൈവശിക്ഷ ഉണ്ടാകും." അവർ ഇറങ്ങിപ്പോന്ന ഉടനെ ആ വീട് ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും എല്ലാവരും അതിൽപ്പെട്ട് മരിക്കുകയും ചെയ്തു.

**ചാവറദർശനം**

*'ശിക്ഷ ഇഷ്ടത്തിന്റെ അടയാളമാണ്.'*

# രോഗി

**പ**ഞ്ചക്ഷതധാരിയായ വിശുദ്ധ ഫ്രാൻസിസ് ഒരു ദിവസം കുതിര പ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. വഴിയിൽവച്ച് ഒരു രോഗിയെ കണ്ടു മുട്ടി. അയാളുടെ മുഖമെല്ലാം ചീഞ്ഞു ചലം ഒഴുകിയിരുന്നു. അയാൾ വിശുദ്ധനോട് സഹായം അപേക്ഷിച്ചപ്പോൾ വിശുദ്ധൻ പണം എടുത്തു നീട്ടി. എന്നാൽ രോഗി പറഞ്ഞു. എനിക്കു പണം വേണ്ട. വലിയ നൊമ്പര മുള്ള എന്റെ ഈ മുറിവിൽ നിന്റെ നാവുകൊണ്ട് നക്കിയാൽ എനിക്കു കുറെ ആശ്വാസം ലഭിക്കും. എനിക്കത് ചെയ്തുതരുമോ? ഇതു കേട്ടപ്പോൾ ആദ്യം മടി തോന്നിയെങ്കിലും ധൈര്യപ്പെട്ട് കുതിരപ്പുറത്തുനിന്നിറങ്ങി



നാക്കുനീട്ടി നക്കുവാൻ തുടങ്ങിയപ്പോൾ രോഗിയെ കണ്ടില്ല. ഈ സംഭവമാണ് സമസ്തവും ഉപേക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഇത്ര വലിയ വിശുദ്ധനാക്കിയതും.

**ചാവറദർശനം**

*'രോഗിക്കു നൽകുന്ന ശുശ്രൂഷ ദൈവത്തിന് നേരിട്ട് നൽകുന്ന സേവനമാണ്.'*

## വായന

**വാ**യിക്കാൻ അറിവില്ലാത്ത ഒരു ഭിക്ഷക്കാരനുണ്ടായിരുന്നു. ഭിക്ഷ യാചിച്ച് കിട്ടിയ പണംകൊണ്ട് പുസ്തകങ്ങൾ വാങ്ങി, വായന അറിയാവുന്നവരെകൊണ്ട് വായിപ്പിച്ചുകേട്ട്, അതിനനുസരിച്ച് ജീവിക്കുകയും പുണ്യത്തിന്റെ മാതൃക മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നു.

**ചാവറദർശനം**

*'ചീത്ത പുസ്തകങ്ങൾ വീട്ടിൽവച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതിനും തുല്യമാകുന്നു. ഭക്തിയെ വർധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്ത്വശാസ്ത്രഗ്രന്ഥങ്ങളും മക്കൾക്കുവേണ്ടി സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു.'*

## സമ്പത്ത്

**പാ**റൊദേശിനെ എന്ന പേരുള്ള അധ്വാനശീലനായ ഒരു മനുഷ്യനുണ്ടായിരുന്നു. അയാൾ കുറച്ചുവസ്തുക്കൾകൊണ്ടുമാത്രം സംതൃപ്തനായിരുന്നു. അപ്പോൾ അസൂയാലുക്കളായ ചിലർ 'ഇദ്ദേഹം നിധി കണ്ടെടുത്ത് ഒളിപ്പിച്ചുവച്ചിരിക്കുന്നു' എന്ന് സർക്കാരിൽ കേസ് കൊടുത്തു. അവന്റെ മുഴുവൻ സ്വത്തിന്റേയും വിവരം ബോധിപ്പിക്കണമെന്ന് സർക്കാർ ഉത്തരവിട്ടു. എന്റെ നിധി എന്നത് എന്റെയൊരു പറമ്പാകുന്നു. അതിന്റെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നനയ്ക്കുന്നതിനാൽ അത് പൊന്നായിത്തീരുകയാണ് എന്ന് അയാൾ സർക്കാരിന് മൊഴി നല്കി. അയാൾ ബഹുമാനിതനായി തിരികെ പോരുകയും ചെയ്തു.

**ചാവറദർശനം**


*'സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള കാര്യങ്ങളെക്കുറിച്ചാണെങ്കിലും സർക്കാരിൽ കേസ്സിന് പോകാതിരിക്കുന്നതാണ് നല്ലത്.'*

## അഹംഭാവം

**ഒരിക്കൽ ദാവീദ് രാജാവ് തന്റെ ശക്തിയിലും മഹിമയിലും അഭിമാനിച്ച് തന്റെ രാജ്യത്തിൽ ജനസംഖ്യ എടുക്കാൻ കല്പിച്ചു. ഇതിന്റെ ദൈവശിക്ഷയെന്നോണം മൂന്നുദിവസം ആ നാട്ടിൽ പകർച്ചവ്യാധി ഉണ്ടായി.**

**ചാവറദർശനം**

***'അഹംഭാവം ഒരിക്കലും കാണിക്കരുത്. അഹംഭാവി അന്തസ്സില്ലാത്തവനാണ്.'***



## നാവ്

**എ**പ്പോഴും മറ്റുള്ളവരുടെ കുറ്റം പറയുകയും അവരുടെ കുറവുകളെക്കുറിച്ച് സംസാരിക്കുകയും ചെയ്യുക ശീലമാക്കിയിരുന്ന ഒരാളുണ്ടായിരുന്നു. ഒരു ദിവസം അയാൾ ഭ്രാന്തനായി ചുറ്റിത്തിരിഞ്ഞുനടക്കുമ്പോൾ തന്റെ നാവിനെ സ്വയം കടിച്ചുമുറിച്ചു. നാവു മുഴുവൻ ചീഞ്ഞ് പുഴുക്കൾ നിറഞ്ഞു. അങ്ങനെ നിർഭാഗ്യവാനായി മരിക്കാനും ഇടവന്നു.

**ചാവറദർശനം**

*'ദുർഭാഷണങ്ങളും ദുർവാക്കുകളും കാർമേഘംപോലെ നല്ല കുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടത്താക്കുന്നു. അന്യരുടെ ദൂഷ്യങ്ങളെക്കുറിച്ചുള്ള വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ തിന്മയ്ക്കുള്ള ശിക്ഷ നിന്റെ കുടുംബവും അനുഭവിക്കേണ്ടിവരും.'*

## അടക്കം

**ഫ്രാൻ**സിൽ വളരെ വിരക്തനായി ജീവിക്കുന്ന ഒരു പൈതലുണ്ടായിരുന്നു. ഈ കുട്ടി ഒറ്റയ്ക്ക് ഇരിക്കുമ്പോൾപോലും ശരീരം മുഴുവനും കൈകളടക്കം വസ്ത്രം കൊണ്ടു മറയ്ക്കുമായിരുന്നു. നരകത്തിൽ വസ്ത്രം കൂടാതെ കിടക്കേണ്ടിവരുമെന്ന് ഒരിക്കൽ ഈ കുട്ടി കേട്ടപ്പോൾ വളരെ ഭയപ്പെട്ടു കരഞ്ഞു. ഈ കുട്ടി അടക്കത്തെ എത്ര വില മതിച്ചിരുന്നു എന്നു നോക്കുക.

**ചാവറദർശനം**

*'അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാക്കുന്നു.'*

## സ്നേഹിതർ

**ദാ**വീദും ജോനാഥനും തമ്മിൽ സ്നേഹിച്ചിരുന്നു. അവർ ഒരു മനസ്സോടെ പരസ്പരം സ്നേഹിച്ചു. അവസാനംവരെ അവർ യഥാർഥത്തിൽ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തു. അല്പകാരണങ്ങളാൽ ആ സ്നേഹം കുറഞ്ഞുപോകാതെ ആപത്തുകളിലും ആവശ്യങ്ങളിലും വർധിച്ചുവരികയും ചെയ്തു. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ലെന്ന് മനസ്സിലാക്കുക.

**ചാവറദർശനം**

*'സ്നേഹിതർ മര്യാദയും ദൈവപേടിയും ഉള്ളവരായിരിക്കണം.'*

## ധാരാളിത്തവും ലുബ്ധും

ഒരിടത്ത് ഒരാളുണ്ടായിരുന്നു. അയാൾ തന്റെ അന്തസ്സിന് അനുസരിച്ച് പിശുക്കുകൂടാതെ പണം ചെലവഴിച്ച് ജീവിച്ചിരുന്നു. ആവശ്യംപോലെ ദാനധർമങ്ങൾ നടത്തിയിരുന്നു. ക്രമേണ അയാളുടെ സമ്പാദ്യം വർധിച്ചു വന്നു. അപ്പോൾ അയാൾ ദാനധർമം മുടക്കി പണം കൂട്ടുവാൻ തുടങ്ങി. ഇങ്ങനെയിരിക്കെ അയാളുടെ കാലിൽ ഒരു വ്രണമുണ്ടായി. പല വൈദ്യന്മാരെയും കാണിച്ചെങ്കിലും വ്രണം ഉണങ്ങിയില്ല. ചികിത്സയ്ക്കായി വളരെ പണം ചെലവഴിച്ചു. അപ്പോൾ ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: ധർമം ചെയ്യാതെ പണം കൂട്ടുന്നവർക്ക് ഇങ്ങനെ പണം ചെലവഴിക്കാൻ ഇടയാകുമെന്ന് നീ അറിയുക.

**ചാവറദർശനം**

*'ലുബ്ധന്റെ വസ്തു പുഴുതിന്നും ധാരാളിയുടെ സന്തോഷം പുക പോലെയും കടന്നുപോകും.'*

## ഉപകാരം

മനുഷ്യർ പരസ്പരം ഉപകാരം ചെയ്യണം എന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു നിയമമാകുന്നു. ഇത് മനസ്സിലാക്കി ഒരാൾ ദിവസം തോറും ആർക്കെങ്കിലും ഉപകാരം ചെയ്തിരുന്നു. ഒരു ദിവസം അയാൾ അത്താഴത്തിനിരുന്നപ്പോൾ അന്ന് ആർക്കും ഒരു ഉപകാരം ചെയ്തില്ല എന്ന് ഓർമവന്നു. ഉടനെ എഴുന്നേറ്റ് അത് ചെയ്തതിനുശേഷം മാത്രമേ അത്താഴം കഴിച്ചുള്ളൂ.

**ചാവറദർശനം**

*'അന്യന് ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ ചേർക്കുകയില്ല.'*

## വെട്ടം

പ്രസിദ്ധനായ ഡെമോക്രാറ്റീസ് എന്ന പണ്ഡിതനോട് ഒരു ദിവസം ഒരാൾ ചോദിച്ചു. "ഏറ്റവും ശ്രേഷ്ഠനായ മനുഷ്യൻ ആരാണ്?"

"ഏറ്റവും വിനീതഭാവമുള്ള വ്യക്തിയാണ് ശ്രേഷ്ഠനായവൻ" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഒരു ധനികൻ കല്യാണസദ്യകൾ, വിരുന്നുകൾ മുതലായ ആഘോഷങ്ങൾ നടത്തി ദരിദ്രനായിത്തീർന്നു. ഈ സ്ഥിതിയെക്കുറിച്ച് ദുഃഖിച്ചിരിക്കുമ്പോൾ ഒരു പണ്ഡിതൻ അയാളോട് പറഞ്ഞു: "സഹോദരാ, നീ പകൽ വിളക്കു കത്തിക്കാതിരുന്നെങ്കിൽ രാത്രി കത്തിക്കാമായിരുന്നു."

**ചാവറദർശനം**

*'ഒരു കത്തോലിക്ക കുടുംബത്തിലെ അണയാത്ത ദീപമായിരിക്കണം പരസ്നേഹം.'*

## പാവങ്ങൾ

**ലൊ**വൈൻ നഗരത്തിൽ നടന്ന ഒരു സംഭവം. ഒരു കുടുംബനാഥനുണ്ടായിരുന്നു. അയാളുടെ വകയായ ഒരു പുരയിൽ ഒരു ദരിദ്രവിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും താമസിച്ചിരുന്നു. ഇദ്ദേഹം പല വിധത്തിൽ അവരെ നിന്ദിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്യുമായിരുന്നു. ഒരു ദിവസം ഈ വിധവ ദുഃഖം സഹിക്കാനാവാതെ മുട്ടുകുത്തി ഇങ്ങനെ പ്രാർഥിച്ചു. "കർത്താവേ, ഈ സങ്കടത്തിൽനിന്നും അന്യായത്തിൽനിന്നും എന്നെ രക്ഷിക്കേണമേ." ഉടൻതന്നെ ആ ധനികൻ നിന്ന നിലയിൽ വീണു മരിച്ചുപോയി.

**ചാവറദർശനം**

*'പാവപ്പെട്ടവരെ നിന്ദിക്കരുത്. ബുദ്ധിമുട്ടിക്കരുത്. എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോട് പകരം ചോദിക്കും.'*

## ആതുരസേവനം

**ജ**നോവ നഗരത്തിൽ ഇന്നും ചെയ്തുവരുന്ന ക്രമം ഇങ്ങനെയാണ്. ഞായറാഴ്ച രാവിലെതന്നെ മാടമ്പികൾ മുതലായ പ്രധാനികളും ഉദ്യോഗസ്ഥന്മാരും അവരുടെ വീട്ടുകാരും പ്രധാന വികാരി അർപ്പിക്കുന്ന കുർബാനയിൽ സംബന്ധിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നു. കുതിരപ്പുറത്തും വണ്ടി, പല്ലക്ക് മുതലായവയിലുമാണ് അവർ വരുന്നത്. കുർബാന കഴിഞ്ഞാലുടൻ പുറപ്പെടുകയായി.

പുരുഷന്മാർ അവരുടെ വണ്ടികളിൽ കയറി പുരുഷന്മാർക്കുള്ള ആതുരശാലയുടെ പടിക്കലെത്തുന്നു. സ്ത്രീകളും അപ്രകാരം അവരുടെ വാഹനങ്ങളിൽ സ്ത്രീകളുടെ അടുത്തെത്തുന്നു. മാതാപിതാക്കളായവർ ഇറങ്ങി അകത്തു കടന്ന് രോഗി പരിചരണത്തിൽ ഏർപ്പെടുന്നു. രോഗികളുടെ മുറിവുകൾ തുടച്ചു വൃത്തിയാക്കി വച്ചുകെട്ടുക, അതിനുപയോഗിച്ച തുണികൾ കഴുകുക, അവരുടെ കട്ടിൽ, പുതപ്പ് മുതലായവ വൃത്തിയായി ക്രമീകരിക്കുക, മരുന്നു എടുത്തുകൊടുക്കുക, ഭക്ഷണം കഴിപ്പിക്കുക എന്നീ ശുശ്രൂഷകൾ ചെയ്തുകൊടുക്കുന്നു. സ്ത്രീകളും ഇത്തരം ശുശ്രൂഷകളെല്ലാം ചെയ്യുന്നു. വേലക്കാരാകട്ടെ ശാലയുടെ പുറത്തുനിന്ന് രോഗികളെ കുളിപ്പിക്കുന്നതിനും മറ്റും ആവശ്യമായ വെള്ളം ചൂടാക്കുക മുതലായ ജോലികൾ ചെയ്യുന്നു.

ഇത്തരം ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ പലതും ഈ മാടമ്പികൾ തന്നെ പണിയിച്ചുകൊടുത്തിട്ടുള്ളതാണ്. അതിന്റെ മുഴുവൻ ചെലവും അവർ തന്നെ വഹിക്കുന്നു. രോഗികളെ പരിശോധിക്കാൻ ചികിത്സകർ, വൈദികർ, വേലക്കാർ മുതലായവരെ ഏർപ്പെടുത്തി ശമ്പളം കൊടുത്ത് നടത്തിവരുന്നു. എന്നിരുന്നാലും ഇവർ സ്വയം രോഗികളെ ശുശ്രൂഷിക്കാൻ വന്നെത്തുമ്പോൾ മറ്റു വേലക്കാരെക്കൊണ്ട് ഒന്നും ചെയ്യിക്കുന്നില്ല. മറിച്ച്, ഈ ജോലിക്കാർ ഇവർ ചെയ്യുന്ന എളിയ ശുശ്രൂഷകൾ നോക്കി നില്ക്കുന്നു. വേലക്കാരുടെ ജോലികളിൽ എന്തെങ്കിലും കുറവുകൾ വന്നിട്ടുണ്ടെങ്കിൽ അതിനു വല്ല ശിക്ഷയോ കുറ്റപ്പെടുത്തലുകളോ ലഭിച്ചേക്കുമോ എന്നവർ ഭയപ്പെട്ടു നില്ക്കുകയായിരിക്കും. ഈ വിധത്തിലുള്ള പരിചരണങ്ങൾ നല്കിയതിനുശേഷം അവർ പുറത്തിറങ്ങി കൈകാലുകൾ കഴുകി വൃത്തിയാക്കി വീട്ടിലേക്കു തിരിച്ചുപോകുന്നു.

ചില രാജാക്കന്മാരും രാജ്ഞികളും ചില പ്രധാന ഉദ്യോഗസ്ഥന്മാരും വേഷം മാറിപ്പോയി രഹസ്യമായി ഇത്തരം ശുശ്രൂഷകൾ ചെയ്യാറുണ്ട്. ഇത് കാണുന്ന സാധാരണ ജനങ്ങൾക്ക് പിന്നെ എങ്ങനെ ശുശ്രൂഷ



ചെയ്യാതിരിക്കാനാകും? ഇത് കണ്ടും കേട്ടും ചെറുപ്രായംമുതലേ വളർന്നു വന്നതിനാലാണ് പല വിശുദ്ധർക്കും അറപ്പുകൂടാതെ രോഗിശുശ്രൂഷ ചെയ്യാനും അവരുടെ മുറിവുകളും വ്രണങ്ങളും തുടച്ചുവൃത്തിയാക്കാനും കൃപ ലഭിച്ചത്.

**ചാവറദർശനം**


*'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്.'*



# ചാവറയച്ചന്റെ കഥകൾ

ഫാ. വിൽസൺ കോക്കാട്ട് സി.എം.ഐ.

ക്രൈസ്തവസഭയുടെ മാത്രമല്ല, കേരളീയ നവോത്ഥാനത്തിന്റെ ചരിത്രത്തിലും നിസ്തുലമായി നിലകൊള്ളുന്ന നാമധേയമാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേത്. സഭയേയും സമൂഹത്തേയും ഒരുപോലെ നവീകരിക്കുവാൻ പരിശ്രമിച്ച ആ വൈദികശ്രേഷ്ഠൻ കത്തോലിക്കാ സഭയ്ക്കു നല്കിയ ആത്മീയനേതൃത്വം അതിശയിക്കത്തക്കതാണ്. ജീവിതത്തിൽ നിത്യപ്രകാശമായിമാറുന്ന അക്ഷരത്തെക്കുറിച്ചുള്ള ഉത്തമബോധ്യമാണ്, ചാവറയച്ചന്റെ 'പള്ളിതോറും പള്ളിക്കൂടം' എന്ന നിർബന്ധബുദ്ധിക്കു പിന്നിൽ. സ്നേഹത്തിൽ ജീവിക്കുവാൻ, കുറ്റങ്ങളും കുറവുകളും പരസ്പരം പൊറുക്കുവാൻ അദ്ദേഹം സ്വന്തം അജഗണത്തെ ഉദ്ബോധിപ്പിച്ചു. ചാവറയച്ചൻ പറഞ്ഞ കഥകളും ചാവറയച്ചന്റെ കഥകളും ചാവറയച്ചനെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞ കഥകളും സമാഹരിച്ചിരിക്കുന്ന ഈ പുസ്തകം വർത്തമാനകാലത്തിന് നേർവഴി കാട്ടുന്നു, നാളെകൾക്ക് ദിശാബോധം നല്കുന്നു. പരസ്നേഹത്തെ അണയാദീപമായി കാത്തുസൂക്ഷിക്കുവാൻ, ഈ ലോകത്തിൽ സമാധാനം നേടുവാൻ ഈ കഥാരത്നങ്ങൾ നിങ്ങളെ സഹായിക്കും.



H&C BOOKS

Malayalam / Life Sketches
**Chavarayachante Kathakal**
Author: Fr. Wilson Kokkat CMI

www.handcbooks.com
email:mail@handcbooks.com

₹40

ISBN 978-93-84736-50-7
9789384736507